# ഇസ്‌ലാമും പൗരധർമവും

മൗലവി മുഹമ്മദ് അമാനി

# الإسلام وحقوق الإنسان

تأليف : مولوي محمد أماني

رحمه الله وغفر الله له



مركز توعية الجاليات بالقصيم

FOREIGNERS GUIDANCE CENTER IN GASSIM ZONE

المليبارية

274

# ഇസ്‌ലാമും
# പൗരധർമ്മവും

(മർഹൂം)
മൗലവി മുഹമ്മദ് അമാനി

# الإسلام وحقوق الانسان

تاليف :
مولوي محمد أماني
رحمه الله وغفرالله له

യുവത ബുക്ക് ഹൗസ്
പി. ബി. നം. 624, കോഴിക്കോട്-2

Islamum Pouradharmavum (Malayalam) by : Moulavi Muhammed Amani (Marhoom) Publishers : Yuvatha book house, P.b.no: 524, Calicut, First Impresion: June-1990 Copies: 2500, Cover: Noushadali, Printing: ISM press Calicut, Price: 5-00, Copyright reserved.

YBH 30 5/90 2500 En-1.

കാൽനൂററാണ്ടുകാലത്തെ നിരന്തര പരിശ്രമത്തിൻെറ ഫലമായി വിശുദ്ധ ഖുർആനിന്ന് സലഫീമാർഗം അവലംബമാക്കി വിവരണമെഴുതി കൈരളിക്ക് സമപ്പിച്ച ത്യാഗിവര്യനാണ് മുഹമ്മദ് അമാനി മൗലവി. അനുഗ്രഹീതമായ ആ തൂലിക രണ്ടുവഷം മുമ്പ് നശ്ചലമായി. ഇന്നാലില്ലാഹി....

അമാനി മൗലവിയുടെ ഒരു അപ്രകാശിത കൃതിയാണ് നിങ്ങളുടെ കയ്യിൽ. 1946 ൽ മൊറയൂരിൽ ദർസ് നടത്തിക്കൊണ്ടിരിക്കെ അദ്ദേഹം തയ്യാറാക്കിയ കയ്യെഴുത്തുപ്രതിക്ക് പുനരാഖ്യാനം നല്കിയിരിക്കുന്നത് ജ : അബ്ദുൽ ജബ്ബാർ തൂപ്പനച്ചിയാണ്. ഏകദേശം അരനൂററാണ്ട് മുമ്പ് രചിക്കപ്പെട്ട് പലകാരണങ്ങളാലും വെളിച്ചം കാണാതെപോയ ഈ കൃതിയിലെ പ്രതിപാദ്യം ഇന്നും പ്രസക്തമാണ്. രാഷ്ട്രത്തോടുള്ള പൗരൻെറ ധർമങ്ങളെക്കാളേറെ, ഒരു മുസ്ലിം എന്ന നിലക്ക് ദൈവീക മതത്തോടും മതനിയമങ്ങളോടുമുള്ള അവൻെറ കടമകളും കത്തവ്യങ്ങളുമാണിതിൽ പ്രകടമാവുക. കൂടാതെ, ഒരു ഉന്നത സംസ്കാരമെന്ന നിലക്കുള്ള ഇസ്ലാമിൻെറ പ്രത്യേകതകളും സന്തുലിതമായ സാമൂഹ്യജീവിത ക്രമത്തിൻെറ ഇസ്ലാമിക മാനങ്ങളും ഇതിൽ വായനക്കാക്ക് ദശിക്കാം.

ചില ആവത്തനങ്ങളും ഒന്നരണ്ട പദപരമായ ചച്ചയും ഒഴിവാക്കിയിട്ടുണ്ട്. ആയത്തുകാംക്കും ഹദീസുകാംക്കും അറബി മൂലം കൊടുത്തിട്ടില്ല. അധികവും ആശയ വിവത്തനങ്ങളാണ്.

ഇസ്ലാമിനെ ധൈഷണികമായി വിലയിരുത്തിക്കൊണ്ടുള്ള ഈ ലഘുകൃതി സാധാരണക്കാക്കും ചിന്തകന്മാക്കും ഉപകാരപ്പെടുമെന്ന് ഞങ്ങാം പ്രതീക്ഷിക്കുന്നു. ഗ്രന്ഥകത്താവിനും നമുക്കും ഇതൊരു സൽകർമമായി തീരട്ടെ എന്ന പ്രാത്ഥനയോടെ ഈ കൃതി അനുവാചകക്കായി സമപ്പിക്കട്ടെ.

—പ്രസാധകർ

# പ്രസ്താവന

ഇതൊരു ഗ്രന്ഥമല്ല. ഇസ്ലാമിലെ നാഗരികത്വത്തെ പുരസ്കരിച്ച് ഒരു ലേഖനം പത്രത്തിലേക്കയക്കാൻ വേണ്ടി ഞാൻ എഴുതുകയുണ്ടായി. അത് അയച്ചില്ല. അത് അല്പം നീണ്ടുപോയി. ഒരു ചെറുകൃതിയാക്കാമെന്നുവെച്ചു. എന്നാൽ ഉദ്ദേശിച്ച പലതും എഴുതാൻ കഴിഞ്ഞില്ല.

പ്രതിപാദന രീതിയിലോ ഭാഷാപ്രയോഗത്തിന്റെ കാര്യത്തിലോ ഇതൊരു പുസ്തകമെന്ന് പറയാൻ പോലും യോഗ്യമല്ല. അത്തരം പോരായ്മകൾ വായനക്കാർ ക്ഷമിക്കുക. ആശയപരമായി വല്ല തകരാറും കണ്ടാൽ സദയം ഉണർത്തണമെന്നപേക്ഷ.

ആയത്തുകളും ഹദീസുകളും ശരിയായ തർജ്ജമയല്ല. ആശയ വിവർത്തനം മാത്രമാണ്. അല്ലാഹു നമ്മെ അവന്റെ ദീനിനെ സേവനം ചെയ്യുന്നവരാക്കിത്തരട്ടെ- ആമീൻ

—മുഹമ്മദ് അമാനി

# ഇസ്ലാമിലെ നാഗരികത്വം

പതിനാലു നൂററാണ്ടുമുമ്പ് അറേബ്യയിൽ ഒരു പ്രവാചക ൻെറ നിയോഗമുണ്ടായി. മനുഷ്യന് സൻമാർഗം കാണിക്കാനും അവനെ മനുഷ്യത്വത്തിലേക്ക് നയിക്കാനും വേണ്ടി. അന്ന്– ലോകമാസകലം അന്ധതയുടെ, ദുരാചാരത്തിൻെറ, കയ്യൂക്കി ൻെറ അക്രമത്തിൻെറ വ്യാഘ്ര ദംഷ്ട്രങ്ങളിൽപെട്ട് നട്ടംതിരി യുകയായിരുന്നു.രണ്ടു വൻശക്തികളായിരുന്ന റോമിൻെറയും പേ ഷ്യയുടെയും സ്വാർത്ഥതാൽപര്യങ്ങൾക്കൊത്ത് ജനങ്ങൾ തുള്ളേ ണ്ടിയിരുന്നു. അന്ന് അറബികളാകട്ടെ-പരസ്പരം ചോര കുടിക്കുകയായിരുന്നു. സന്താനഹത്യയും വ്യഭിചാരവും മററും അന്തസ്സായി ഗണിച്ചിരുന്നു! ദേവൻമാരും മഹത്തുക്കളും മാത്ര മല്ല സൂര്യചന്ദ്രൻമാരും കല്ലും മരവും എല്ലാം അവരുടെആരാധ്യ വസ്തുക്കളായിരുന്നു. അക്ഷരജ്ഞാനംപോലും വിരലിലെണ്ണാവു ന്നവർക്കുമാത്രം. ആകെക്കൂടി കട്ടപിടിച്ച ആ ഇരുട്ടിലേക്ക് സൻമാർഗത്തിൻെറ ദീപ്തിയുമായി ആ പ്രവാചകൻ കടന്നു വന്നു. അവർക്ക് ദൈവ വചനങ്ങൾ ഓതിക്കൊടുത്തു. വേദ ഗ്രന്ഥവും തത്വജ്ഞാനവും പഠിപ്പിച്ചു. മനുഷ്യത്വത്തിൻെറ വില പഠിപ്പിച്ചു.വിജ്ഞാന സമ്പാദനത്തിന്പ്രചോദനമേകി.

അവർ ആ ദൗത്യം സ്വീകരിച്ചു. ചുററുപാടിലേക്ക് ആ പ്രഭ ചൊരിഞ്ഞു. ലോകം ഉണർന്നു. റോമും പേർഷ്യയും അവരുടെ കീഴിലായി. ലോകത്തിന് അവർ മാതൃകയായി. ആ സംസ്കാരം സ്പെയിൻമുതൽ സിന്ധുനദീതടംവരെ വ്യാപിച്ചു. വിജ്ഞാന കവാടങ്ങൾ അവർ മലർക്കെ തുറന്നു. അക്ഷരാർത്ഥത്തിൽ അവർ മനുഷ്യരായി. ഇതായിരുന്നു ഇസ്ലാമിൻെറ ഉയിർത്തെഴുന്നേൽപ്പ്, അന്ത്യപ്രവാചകൻ മുഹമ്മദ് നബിയിലൂടെ.

ഇസ്ലാം എന്ന പ്രത്യയശാസ്ത്രം ജീവിത ഗന്ധിയായ ഒരു തത്വസംഹിതയോ? അതോ അപ്രായോഗികമായ ഒരു ഉട്ടോപ്പിയൻ ആശയമോ? ആറാം നൂററാണ്ടിലേക്കു മാത്രമായിരുന്നുവോ അതിൻെറ പ്രസക്തി? അതോ ഇരുപതാം നൂററാണ്ടിലെ പരിഷ്കൃത ലോകത്തിനും യോജിക്കുമോ? നമ്മുടെ മുന്നിലുള്ള പ്രശ്നങ്ങളാണിവ.

### പഴയ മതം

ഇസ്ലാം ഒരു പുതിയ മതമല്ല. മനുഷ്യപിതാവു മുതൽ ലോകാവസാനം വരെയുള്ള എല്ലാവർക്കുമായി ദൈവം നൽകിയ മതമാണിസ്ലാം. എല്ലാ പ്രവാചകൻമാരും പ്രബോധനം ചെയ്തത് ഇസ്ലാം ആയിരുന്നു. കാലോചിതമായി ചില മാററങ്ങൾ വരുത്തിയിട്ടുണ്ടെങ്കിലും മൂലതത്വം എന്നും ഒന്നുതന്നെ. ദൈവ വിശ്വാസം, പരലോകചിന്ത, മനുഷ്യൻെറ പ്രവർത്തന രംഗത്തെ ധർമചിന്ത തുടങ്ങിയ മൗലിക കാര്യങ്ങൾ കാലഘട്ടത്തിനനുസരിച്ച് മാററം വരുന്നില്ല. മുഹമ്മദ് നബിയിലൂടെ അതിൻെറ പ്രാവർത്തിക രൂപം പരിപൂർണ്ണമായി അവതരിച്ചു എന്നർത്ഥം. ദാവിദാർ കൗഹർട്ട് പറഞ്ഞു: ''ഇസ്ലാം പുതിയ വിശ്വാസമൊന്നും കൊണ്ടുവന്നിട്ടില്ല. ഒരു പുതിയ സന്ദേശവും അതിലില്ല. എല്ലാ പ്രവാചകൻമാരും പറഞ്ഞതിനേക്കാൾ ഒരു ഭരണക്രമവും നിയമസംഹിതയുമുണ്ടെന്നുമാത്രം''

## ഇസ്ലാമിൻെറ ആധാരം

ഇസ്ലാമിൻെറ ആധാരം വിശുദ്ധ ഖുർആനാണ്. ഖുർആൻ മതകാര്യങ്ങളുടെ അടിസ്ഥാനമെന്നു മാത്രമല്ല, മനുഷ്യവർഗത്തിൻെറജീവിത കാര്യങ്ങളെ മുഴുവൻ സ്പർശിക്കുകയും വ്യ

ക്തിപരവും സാമൂഹികവുമായ നിയമനിർദേശങ്ങൾ നൽകുകയും ചെയ്യുഗ്രന്ഥമണിത്. ജോൺസൺ എന്ന ചിന്തകൻ ഖുർആനി നെ വിലയിരുത്തിയതിങ്ങനെയാണ്. ''ഖുർആനിൻെറ വാക്യ ങ്ങൾ പദ്യങ്ങളല്ല; പദ്യങ്ങളേക്കാൾ ആകർഷകമാണ്. 'പർ വ്വത പ്രസംഗങ്ങൾ' പോലെയുള്ള ഒരു കാവ്യമല്ല അത്. ബു ദ്ധൻെറ അധ്യാപനങ്ങൾ പോലെ പരസ്പര വിരുദ്ധങ്ങ ളുമല്ല. പ്ലാറേറായുടെ കഷ്ടപ്പെട്ട പരിശ്രമങ്ങൾ പോലെയു മല്ല. അത് കാലാതിവർത്തിയായി എല്ലാ സമുദായത്തിലുള്ള വരുമായും ആത്മബന്ധം സ്ഥാപിച്ച പ്രവാചകവര്യൻെറ ദൗ ത്യാധ്യാപനങ്ങൾ മാത്രമാണ്. മാനവഹൃദയത്തിലേക്കതി ൻെറ അലകൾ ആഴ്ന്നിറങ്ങുന്നു അതിൻെറ പ്രകാശം അടുത്തു തന്നെ യൂറോപ്പിൻെറ തമസ്സകററാൻ പര്യാപ്തമായേക്കാം.''

ഹൈദരാബാദ് കോളേജിൽ പ്രിൻസിപ്പലായിരുന്ന 'മാസ്റ്റർ നിച്ചന്തോപാദ്ധ്യായ' ഇയ്യിടെ ഇസ്ലാം സ്വീകരിക്കു കയുണ്ടായി. മുഹമ്മദ് ഇസ്സുദ്ദീൻ എന്ന പേർ സ്വീകരിച്ച അ ദ്ദേഹം ''ഞാൻ എന്തുകൊണ്ട് ഇസ്ലാം സ്വീകരിച്ചു?'' എന്ന ഗ്രന്ഥം രചിച്ചു. അതിൽ വിവിധ മതങ്ങളെ താരതമ്യപ്പെടു ത്തിയ അദ്ദേഹം ഇസ്ലാമിൻെറ പ്രത്യേകതയായി ചൂണ്ടിക്കാ ട്ടുന്ന കാര്യങ്ങളുടെ ചുരുക്കം ഇതാണ്. 1) ഇസ്ലാമിൻെറ മൂലപ്രമാണങ്ങൾ ചരിത്രസാക്ഷ്യങ്ങളാൽ ബലിഷ്ഠമാണ്. 2) മനുഷ്യബുദ്ധിക്ക് ഉൾക്കൊള്ളാവുന്നതാണ് അതിലെ നി യമങ്ങൾ. 3) അതിലെ വിധിവിലക്കുകൾ എക്കാലത്തും പ്രസ ക്തവും പ്രായോഗികവുമാണ്.

ഫ്രഞ്ച് ചിന്തകനായ 'മിസ്യോലൂൺ റോശ്' 'മുപ്പതുകൊ ല്ലം ഇസ്ലാമിൽ' എന്ന തൻെറ ഗ്രന്ഥത്തിൽ പറയുന്നു. ''ഞാൻ മനസ്സിലാക്കിയ മതങ്ങളിൽവച്ച് ഏററവും ശ്രേഷ്ഠ മായത് ഇസ്ലാം മതമാണ്. അത് മനുഷ്യൻെറ പ്രകൃതി മതമാണ്. സാമ്പത്തിക മതവും സാഹിത്യമതവും അതുതന്നെ. ആ മതം അതിൻെറ അനുയായികളിൽ മാന്യതയും സൽസ്വഭാ വവും ഉണ്ടാക്കിയിരിക്കുന്നു. കളവ്, വഞ്ചന, ദുർവിചാരം തു ടങ്ങിയ ചീത്ത കാര്യങ്ങളിൽനിന്ന് അവർ സ്വാഭാവികമായി അകലുന്നു. അതുകൊണ്ടുതന്നെയാവാം മറേറതു സമൂഹത്തേക്കാ ളും സാമ്പത്തികമായി മുസ്ലിംകൾ പിന്നിലായത്''.

മാനവരാശിയുടെ നിലനില്പിന്നാധാരമായ സാമ്പത്തകരംഗം ഏററവും മാതൃകാപരമായി ഖുർആൻ കൈകാര്യം ചെയ്തിട്ടുണ്ട്. ഉള്ളവനും ഇല്ലാത്തവനും എന്നിങ്ങനെ ചേരിതിരിവും സംഘട്ടനവും സൃഷ്ടിക്കുകയല്ല, മറിച്ച് ധനികന്റെ ധനം ദൈവാനുഗ്രഹമാണെന്നും ദരിദ്രനെ സഹായിക്കൽ തന്റെ കടമയാണെന്നുമുള്ള ബോധം സൃഷ്ടിക്കുകയും ദൈവാനുഗ്രഹം സമസൃഷ്ടികൾക്ക് പങ്കുവെയ്ക്കാൻ സൻമനസ്സുണ്ടാക്കുകയുമാണ് ഖുർആൻ ചെയ്യുന്നത്. ഈ യാഥാർത്ഥ്യം മനസ്സിലാക്കി 'റോശ്' പറയുന്നു: ''ആധുനിക സോഷ്യലിസം ഖുർആനാശയത്തിന്റെ അടുത്തുപോലും എത്തുകയില്ല''.

അദ്ദേഹം തുടരുന്നു: ''ഇസ്ലാമിനെ ജനങ്ങൾക്ക് ശരിയായി പഠിപ്പിക്കാനും അതിന്റെ പ്രായോഗികരൂപം കാണിച്ചുകൊടുക്കാനും തക്ക ആളുകൾ ഇന്നുണ്ടായിരുന്നുവെങ്കിൽ, ലോകത്തിലെ ഏററവും ഉന്നതസമൂഹം മുസ്ലിംകളാകുമായിരുന്നു. പക്ഷെ ഇസ്ലാമിലില്ലാത്ത പലതും അതിന്റെ പേരിൽ ചുമത്തുവാനും വിധിവിലക്കുകളെ മാററി മറിക്കുവാനും ഒരുമ്പെട്ടിരിക്കുന്ന ചില യാഥാസ്ഥികൻമാരാണ് ഇസ്ലാമിക നവോത്ഥാനത്തിന്റെ കണ്ടകോടാലികൾ.

ജ്ഞാനത്തിന്റെ വെളിച്ചം യൂറോപ്പിൽ കടന്നുചെന്നിട്ടില്ലാത്ത കാലത്ത് ജ്ഞാനം, തത്വശാസ്ത്രം, സാഹിത്യം തുടങ്ങിയ ഒട്ടേറെ കാര്യങ്ങൾ മുസ്ലിംസമുദായത്തിൽനിന്ന് ഉദിച്ചുയർന്നു യൂറോപ്പിൽ വ്യാപിച്ചു. ബഗ്ദാദ്, ബസറ, സമർഖന്ത്, ഡമാസ്കസ്, കൊർഡോവ, ഗർനാഡാ, ഖൈറുവാൻ, ഈജിപത്, പേർഷ്യ തുടങ്ങിയ മുസ്ലിം തലസ്ഥാനങ്ങൾ കലാശാലകളുടെയും വിജ്ഞാനത്തിന്റെയും കലവറയായിരുന്നു.

## രണ്ടുതരം ആളുകൾ

ഇസ്ലാമിന്റെ മഹത്വത്തെയും നാഗരികത്വത്തെയും സംബന്ധിച്ച് ഇതര മതസ്ഥരായ ചിന്തകൻമാരുടെ അഭിപ്രായങ്ങളിൽ ചിലതാണ് നാം കണ്ടത്. എന്നാൽ ഈ സമുദായത്തിന്റെ സ്ഥിതിയെന്താണ്? രണ്ടുതരം ആൾക്കാരുണ്ട് നമ്മുടെ മുന്നിൽ. യാഥാസ്ഥികത്വത്തിന്റെ നീരാളിപ്പിടുത്തത്തിൽപ്പെട്ട് ഇസ്ലാമിന്റെ തനതായ രൂപം മനസ്സിലാക്കാനോ ലോക

ത്തിൻെറ ഗതിവിഗതികളെപ്പററി ചിന്തിക്കാനോ കഴിഞ്ഞിട്ടില്ലാത്ത പാമരൻമാരാണ് ഒരു കൂട്ടർ. വിശ്വാസത്തിൻെറയും മൂല്യബോധത്തിൻെറയും അന്തസ്സത്ത മനസ്സിലാക്കാത്ത, ആധുനികതയുടെ പിന്നാലെ പായുന്ന അഭ്യസ്ത വിദ്യരെന്ന് നാം പറയുന്ന പരിഷ്കൃത സമൂഹമാണ് രണ്ടാമത്തേത്. യഥാർത്ഥത്തിൽ ഈ രണ്ടു വിഭാഗവും ഇസ്ലാമിക വിശ്വാസത്തിനും പ്രചാരണത്തിനും ദോഷം മാത്രമേ ചെയ്തിട്ടുള്ളു. അന്ധവിശ്വാസങ്ങളും അത്യാചാരങ്ങളും മതത്തിൻെറ പരിവേഷമണിയിച്ച് സമൂഹത്തിൽ നടപ്പിൽ വരുത്തിയവരാണ് ഒരു വിഭാഗമെങ്കിൽ, മതമൂല്യങ്ങളെത്തന്നെ തള്ളിപ്പറയുന്നവരാണ് മറുപക്ഷം. മുഴുവൻ കല്ലിനെയും ആദരിച്ച് വഴിപാടർപ്പിക്കുന്ന ആദ്യവിഭാഗവും, ഇസ്ലാമിൻെറ 'ചിഹ്ന'ങ്ങളെപ്പോലും പുഛിക്കുന്ന രണ്ടാമത്തെ വിഭാഗവും ഇസ്ലാമിന്ന് ഗുണകരമായി സേവനം നൽകിയവരല്ല. ചുരുക്കത്തിൽ മററുള്ളവർ മനസ്സിലാക്കിയ അത്രപോലും മുസ്ലിംകൾ ഇസ്ലാം ഉൾക്കൊണ്ടില്ല എന്ന ഖേദകരമായ അവസ്ഥയാണ് നമ്മുടെ മുന്നിലുള്ളത്.

## ഇസ്ലാമിൻെറ ഉള്ളടക്കം

മനുഷ്യബുദ്ധിക്ക് അതർഹിക്കുന്ന സ്ഥാനം നൽകുന്ന ഇസ്ലാം. ധർമം, സംസ്കാരം സമത്വം, ബുദ്ധിപൂർവ്വകമായ നിയമങ്ങൾ, സുസമ്മതമായ കർമാനുഷ്ഠാനങ്ങൾ തുടങ്ങിയവയാണ് ഇസ്ലാമിൻെറ കാതലായ വശം. പരലോകമോക്ഷവും ആത്മീയശാന്തിയും ലക്ഷ്യം വച്ച് ജീവിക്കുന്ന വിശ്വാസി, ഐഹികജീവിത പുരോഗതിക്കും ലോകസമാധാനത്തിനും സമൂഹത്തിൻെറ അഭിവൃദ്ധിക്കും സ്വാഭാവികമായും കൊള്ളാവുന്നവനായിരിക്കും. സാമൂഹ്യനീതി നിർവ്വഹണരംഗത്താവട്ടെ, ധനികനും ദരിദ്രനും നേതാവും സാധാരണക്കാരനും ഉന്നതനും താഴ്ന്നവനും എല്ലാം തുല്യമായി ഗണിക്കപ്പെടുന്ന അതുല്യ സംസ്കാരവും നാഗരികത്വവുമാണ് ഇസ്ലാം ലോകത്തിനുമുന്നിൽ സമർപ്പിക്കുന്നത്. പ്രവാചകൻെറ ജീവിതത്തിൽ ഇതിനു നിരവധി ഉദാഹരണങ്ങൾ കാണാം. ''അറബിക്ക് അനറബിയേക്കാളോ മറിച്ചോ യാതൊരു പ്രാധാന്യവുമില്ല. ദൈവത്തിങ്കൽ മാന്യൻ ഭക്തനത്രെ'' എന്ന പ്രവാചക വചനം എത്ര ഉദാത്തമാണ്!

ഖലീഫ അബൂബക്കർ (റ) സ്ഥാനാരോഹണം ചെയ്ത പ്പോൾ സമൂഹത്തോടായി നടത്തിയ പ്രസംഗം ചരിത്രത്തിൽ തുല്യതയില്ലാത്ത നീതിബോധത്തിന്റെ പ്രതീകമായിരുന്നു. ''ജനങ്ങളേ, നിങ്ങളുടെ മേൽ എനിക്ക് ആധിപത്യം ലഭിച്ചി ട്ടുണ്ടെങ്കിലും ഞാൻ നിങ്ങളേക്കാൾ മികച്ചവനൊന്നുമല്ല. ന്യാ യമാണ് ഞാൻ ചെയ്യുന്നതെങ്കിൽ നിങ്ങളെന്നെ സഹായിക്ക ണം. അല്ലാത്തപ്പോൾ നിങ്ങളെന്നെ നല്ല വഴിക്ക് നയിക്ക ണം. ഒരു ദുർബലന് കൊടുത്തുതീർക്കാനുള്ള അവകാശം നൽ കുന്നതുവരെ അവൻ എന്റെ കണ്ണിൽ ശക്തനാണ്. എന്നാൽ ഒരു ശക്തന്റെ പക്കൽനിന്ന് ലഭിക്കാനുള്ള അവകാശം ലഭിക്കു ന്നതുവരെ അവനെന്റെ ദൃഷ്ടിയിൽ ദുർബലനാണ്.'' നോക്കൂ നീതിബോധത്തിന്റെയും വിനയത്തിന്റെയും ഈ ഭാഷ ഒരു വിശ്വാസിയിൽനിന്നു മാത്രമേ വരൂ. അദ്ദേഹത്തിന്റെ പ്രവർത്തനവും ഇങ്ങനെത്തന്നെയായിരുന്നു.

## ഇസ്ലാമിന്റെ സന്ദേശം

കണ്ണിൽ കണ്ടതിനെയൊക്കെ ഭയക്കുകയും വണങ്ങുകയും ചെയ്തിരുന്നവരെ സർവ്വശക്തനിലേക്കുമാത്രം തിരിക്കുകയാണി സ്ലാം ആദ്യമായി ചെയ്തത്. തോന്നിവാസത്തിൽ മുഴുകിയ സമൂഹത്തെ സൽസ്വഭാവത്തിന്റെ മൂർത്തഭാവമാക്കി മാററി, മുഷ്ക്കിന്റെയും പൈശാചികത്വത്തിന്റെയും വൈതാളികൻ മാരെ മനുഷ്യത്വത്തിന്റെയും നാഗരികത്വത്തിന്റെയും അവ ധൂതൻമാരാക്കിമാററി. മാനവികതയുടെ ഈ ഉയിർത്തെഴു ന്നേൽപ്പാണ് അന്ധകാരത്തിൽ മുഴുകിയിരുന്ന യൂറോപ്പിനെ ത ട്ടിയുണർത്തി പുരോഗതിയുടെ സോപാനത്തിലേക്കാനയിച്ച ത്. ഇസ്ലാമിന്റെ വ്യാപ്തി വർദ്ധിക്കുന്തോറും മുസ്ലിംകൾ വന്നു ചേരുന്നിടത്തുനിന്നൊക്കെ വിജ്ഞാനത്തിന്റെ വിവിധ ശാഖകൾ സ്വാംശീകരിക്കുകയും അതു പ്രചരിപ്പിക്കുകയും ചെ യ്തിരുന്നതാണതിനു കാരണം. ഇതിനെല്ലാം അവരെ പ്രേരി പ്പിച്ചത് അവരുടെ പ്രമാണമായ വിശുദ്ധ ഖുർആനായിരുന്നു. ആകാശഭൂമികൾ, സൂര്യചന്ദ്രൻമാർ, രാപ്പകലുകൾ, പ്രകൃതിയി ലെ മററു പ്രതിഭാസങ്ങൾ, നിത്യജീവിതത്തിൽ ചുററുപാടും ക ണ്ടുകൊണ്ടിരിക്കുന്ന മററുകാര്യങ്ങൾ തുടങ്ങിയവയെപ്പററിയൊ ക്കെ കൂലങ്കഷമായി ചിന്തിക്കുവാനും പഠിക്കുവാനുമുള്ള ഖുർആ

നിൻെറ ആഹ്വാനമാണ് മുസ്ലിംകളെ വിജ്ഞാനകുതുകിക ളാക്കിയത്.

## ചില ഉദാഹരണങ്ങൾ

ചലിക്കുന്ന ഭൂമിയെപ്പററി പതിനാലു നൂററാണ്ടുമുമ്പു ഖുർആൻ സൂചിപ്പിച്ച ''പർവ്വതങ്ങൾ നിശ്ചലമായി നീ കാ ണുന്നു. എന്നാൽ അവ മേഘങ്ങളെപ്പോലെ ഓടിക്കൊണ്ടിരി ക്കയാണ്'' വേറൊരിടത്ത് ''പകലിൻെറ മുകളിൽകൂടി രാ ത്രിയെ ഉരുട്ടിക്കൊണ്ടിരിക്കുന്നു'' എന്നു പറയുന്നു. ഭൂമിയുടെ ഗോളാകൃതിയാണ് ഈ സൂക്തത്തിലെ സൂചന. ഭൂമിയുടെ ബാ ലൻസിനുവേണ്ടി ''പർവ്വതങ്ങളെ ആണികളായി സ്ഥാപിച്ചി രിക്കുന്നു'' എന്നു പറയുന്നു. ആധുനിക ഭൂമിശാസ്ത്രം കൃത്യ മായി തെളിയിച്ച ശാസ്ത്രവസ്തുതകളാണല്ലോ ഇവയൊക്കെ. ഖുർആനിൻെറ ഈ സൂചനകൾ ഗവേഷണ തൽപരതയ്ക്ക് ആക്കംകൂട്ടുന്നു.

ആകാശത്തുനിന്നു വർഷിക്കുന്ന ജലം, ഭൂഗർഭജലം, സൂര്യ ചന്ദ്രൻമാർ, മററു ഗോളങ്ങൾ, നക്ഷത്രങ്ങൾ ഇവയുടെ പരസ്പര മുള്ള ആകർഷണശക്തി. തുടങ്ങി അടുത്ത കാലത്തുമാത്രം സ്ഥി രീകരിക്കപ്പെട്ട ഒട്ടേറെ കാര്യങ്ങളിലേക്ക് ഖുർആൻ നൽകിയ സൂചന വിജ്ഞാന കുതുകികൾക്ക് വെളിച്ചം പകരുന്നു. സസ്യ ലതാദികൾ, പക്ഷിമൃഗാദികൾ, മററുജന്തുക്കൾ തുടങ്ങിയവ യിലേക്കും നമ്മുടെ ചിന്ത തിരിയത്തക്ക രീതിയിലുള്ള പ്രതി പാദ്യങ്ങൾ ഖുർആനിൽ ധാരാളമുണ്ട്.

ആധുനികശാസ്ത്രം മുഴുവൻ ഖുർആനിൽ അടങ്ങിയിരി ക്കുന്നു എന്നു സമർത്ഥിക്കുവാൻ വേണ്ടിയല്ല ഇത്രയും പറഞ്ഞ ത്. ശാസ്ത്രപഠനവും മററു ഭൗതിക കാര്യങ്ങളെപ്പററി മന സ്സിലാക്കലും മുസ്ലിമിൻെറ ബാധ്യതയാണെന്നും അതിന് ഖുർആൻ തന്നെ പ്രചോദനമേകുന്നുവെന്നും ചൂണ്ടിക്കാണി ക്കാൻ വേണ്ടിയാണ്. ഈ വസ്തുത മനസ്സിലാക്കിക്കൊണ്ടായി രുന്നു ആദ്യകാല മുസ്ലിം ചിന്തകൻമാരും പണ്ഡിതൻമാരും പ്രവർത്തിച്ചിരുന്നത്, തൽഫലമായി ഖുർആൻ പഠിച്ചവ രൊക്കെ ഏതെങ്കിലും ശാസ്ത്ര ശാഖയിലും നൈപുണ്യം നേ ടിയവരായിരുന്നു. ഒരു കാലത്ത് വിജ്ഞാനലോകത്തിൻെറ

താക്കോൽ മുസ്ലിംകളുടെ കയ്യിലായിരുന്നു. അതിന്നവരുടെ വഴികാട്ടി ഖുർആനല്ലാതെ മററാരുമായിരുന്നില്ല.

## എങ്ങനെ അധ:പതിച്ചു?

പ്രോജ്വലമായ ഭൂതകാലത്തിന്റെ ഉടമകൾ എങ്ങനെയാണ് പിന്നോക്കത്തിന്റെ പിന്നണിയിലെത്തിയത്? കുരിശു യുദ്ധങ്ങൾക്കുശേഷം മുസ്ലിംകളുടെ പ്രതാപവും, സമൃദ്ധിയും, ശാസ്ത്രനൈപുണ്യവും, കലാവൈജ്ഞാനിക ശേഖരങ്ങളും അവതാളത്തിലായി. ഒരുവിധത്തിലും കൈവിടാൻ പററാത്ത മതവിജ്ഞാനം ഒഴിച്ച് മറെറല്ലാം കാലാന്തരത്തിൽ നാമാവശേഷമായി.

അതേ സമയം മതവിജ്ഞാനമെങ്കിലും കുററമററതായി അവശേഷിച്ചതുമില്ല. അത്യാവശ്യമായ പലതും അവഗണിച്ചു തള്ളി എന്നു മാത്രമല്ല, അനാവശ്യമായ ഒട്ടേറെ കെട്ടുകഥകളും മററുംകൂട്ടിച്ചേർക്കപ്പെടുകയും ചെയ്തു. അതിരററതും അപ്രായോഗികവും അവിശ്വസനീയവുമായ നിരവധി കർമ്മശാസ്ത്രപരമായ വിശദീകരണങ്ങളും മനുഷ്യബുദ്ധിയെ അവഗണിക്കുന്ന രീതിയിലുള്ള അന്ധവിശ്വാസങ്ങളും, അനുകരണവാദങ്ങളും ഇസ്ലാമിന്റെ മുഖമുദ്രയായി കലാശിച്ചു, ഖുർആനും ഹദീസും പാരായണത്തിനു മാത്രമായവശേഷിച്ചു. അവ മനസ്സിലാവുകയില്ലെന്നോ, ആവേണ്ടതില്ലെന്നോ വിശ്വസിച്ചു ഭക്തിയുടെയും 'തസവ്വുഫി'ന്റെയും പേരിൽ സൂഫിസവും 'സിദ്ധി'യും സന്യാസവും ഒക്കെ ഈ സമുദായത്തിനിടയിൽ അരങ്ങേറി. ആകെ കൂടി മുസ്ലിം സമൂഹത്തിന്റെ ചിത്രം ഏററവും ദയനീയമായി. താർത്താരികളുടെ ആക്രമണവും കൂടിയായപ്പോൾ അതു പരിപൂർണമായി.

## യൂറോപ്പും ക്രിസ്തുമതവും

യൂറോപ്യർ ഈ അവസരം ഉപയോഗപ്പെടുത്തി. അജ്ഞരും അപരിഷ്കൃതരും ആയിരുന്ന അവർ കണ്ണുതുറന്നു. മുസ്ലിംകളെ അവർ നാമാവശേഷമാക്കിയെങ്കിലും അവരുടെ കലകളും വിജ്ഞാനങ്ങളും യൂറോപ്യർ സ്വാംശീകരിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്തു സ്വന്തമാക്കി. നാഗരികമായി അവർ അതിശക്തമായ മുന്നേററം നടത്തി.

ഇവിടെ നാം മനസ്സിലാക്കേണ്ട മൗലികമായ ഒരു കാര്യമുണ്ട്. യൂറോപ്യരുടെ — അവർ ക്രിസ്ത്യാനികളാണല്ലോ — നാഗരികതയും ഭൗതികരംഗത്തെ മുന്നേററവും അവരുടെ മതം അവക്ക നൽകിയ പ്രചോദനത്താലല്ല. ബൈബിളിൻെറ അധ്യാപനങ്ങളുടെ പരിണിതഫലവുമല്ല. അവർ മററുള്ളവരിൽ നിന്ന് പകർത്തിയതും സ്വന്തമാക്കിയതുമാണ്. എന്നാൽ മുസ്ലിംകൾക്ക് കൈവന്ന എല്ലാനേട്ടവും വിശുദ്ധ ഖുർആനിൻെറ അധ്യാപനങ്ങളിലൂടെയും ഖുർആനിക മനനത്തിലൂടെയും ആയിരുന്നു.

ഭൗതിക വിരക്തിയിലൂടെ ഭക്തി കൈവരിക്കാൻ ആഹ്വാനംചെയ്ത ക്രിസ്തുമതത്തിൻെറ പുരോഹിത മേധാവികൾ ചർച്ചിൻേറതല്ലാത്ത ചിന്തയുടെയും കണ്ടുപിടുത്തങ്ങളുടെയും ഫലമായി അനേകംപേരെ ദ്രോഹിക്കുകയും കൊലപ്പെടുത്തുകയും ചെയ്തു. മുസ്ലിംകളിൽനിന്ന് സ്പെയിൻ കീഴടക്കിയവർ ദശലക്ഷക്കണക്കിനു ഗ്രന്ഥങ്ങൾ അഗ്നിക്കിരയാക്കി.

കൊർഡോവയുടെയും അസ്ഹറിൻെറയും സ്ഥാപകരായ മുസ്ലിംകളാകട്ടെ ചരിത്രത്തിൻെറ ദശാസന്ധികളിൽ അധ:പതനത്തിൻെറ പടുകുഴിയിലേക്ക് ആപതിക്കുകയും ചെയ്തു.

## ഇസ്ലാമിൻെറ മൗലികത

സ്രഷ്ടാവായ ഏകദൈവത്തിനുമാത്രം വണങ്ങുക എന്ന ഏകദൈവ സിദ്ധാന്തമാണ് ഇസ്ലാമിൻെറ അടിത്തറ. കുല-കാല-ദേശമില്ലാതെ പൗരാവകാശവും നീതിയും എല്ലാവർക്കും വകവെച്ചുകൊടുക്കുന്നു. ജീവിതാഭിവൃദ്ധിക്കാവശ്യമായ തൊഴിലുകളെയും പഠനങ്ങളെയും ഇസ്ലാം പ്രോത്സാഹിപ്പിക്കുകയും ആദരിക്കുകയും ചെയ്യുന്നു. മാനവജീവിതത്തിൽ ധർമവും അധർമവും എന്തെന്ന് വിവേചിക്കുകയും ധർമത്തിൻെറ പക്ഷത്തിനു മോക്ഷമുണ്ടെന്നും അധർമകാരികൾക്ക് ശിക്ഷ അനുഭവിക്കേണ്ടിവരുമെന്നും ഇസ്ലാം അനുശാസിക്കുന്നു. ഈ വിശ്വാസമാണ് യഥാർത്ഥ മനുഷ്യനെ സൃഷ്ടിക്കുന്നത്. കൂടാതെ മാതാപിതാക്കൾ സന്താനങ്ങൾ, ഭാര്യാഭർത്താക്കൾ, സഹോദരങ്ങൾ, അയൽവാസികൾ, മിത്രങ്ങൾ, മററുജനങ്ങൾ തുടങ്ങി ഓരോരുത്തർക്കും പരസ്പരമുള്ള കടമകളും അവകാശങ്ങളും സവിസ്തരം പ്രതിപാദിക്കുന്നു. സമസ്യഷ്ടി സ്നേഹവും അവരെ സഹായി

ക്കാനുള്ള ഭ്രതദയയും ഉണ്ടാവണമെന്ന് നിഷ്കഷിക്കുന്നു. അനീതിയും, ദ്രോഹവും, വഞ്ചനയും, നീചവൃത്തിയും പാടെ നിഷേധിക്കുന്നു. ലളിതമായ ആരാധനാ കർമ്മങ്ങൾ അവതരിപ്പിക്കുന്നു. ആശയപ്രചരണവും ആദർശപ്രബോധനവും നടത്തുന്നതോടൊപ്പം മററുമതസ്ഥരെ നിർബന്ധപൂർവ്വം ഇതിലേക്ക് ക്ഷണിക്കുന്നില്ലതാനും. ഇതാണ് മൊത്തത്തിൽ ഇസ്ലാം.

## ഇന്നത്തെ സ്ഥിതി

ഈ ഉന്നതമായ ആദർശത്തിൻെറ ഇന്നത്തെ വക്താക്കളുടെ സ്ഥിതി അത്യന്തം ശോചനീയമാണ്. ഈ അനുയായികൾ ഇന്ന് ഇസ്ലാമിൻെറ ശത്രുക്കളായിത്തീർന്നിട്ടുണ്ട് എന്നുപറഞ്ഞാൽ അതിൽ അതിശയോക്തിയില്ല. മുസ്ലിം കുടുംബത്തിൽ പിറന്നു എന്നതും കാനേഷുമാരിയിൽ മുസ്ലിം സമൂഹത്തിൻെറ പട്ടികയിൽ പെടുന്നു എന്നതുമാണ് ബഹുഭൂരിപക്ഷത്തിൻെറയും സ്ഥിതി. അല്പം ഭൗതിക വിദ്യാഭ്യാസവുംകൂടി ലഭിച്ചിട്ടുണ്ടെങ്കിൽ അതിലേറെ ദയനീയം. ഇസ്ലാമിൻെറ മൗലികതയെപ്പററിയുള്ള വിവരമോ, കർമപരിജ്ഞാനമോ, വേഷഭൂഷണങ്ങളോ, സംസ്കാര മര്യാദകളോ അത്തരക്കാരിൽ കാണാൻ പ്രയാസമാണ്, മതമൈത്രിയും വ്യത്യസ്ത വിഭാഗങ്ങളുമായുള്ള സൗഹൃദവും സ്വന്തം വിശ്വാസത്തെ തള്ളിപ്പറയലാണെന്നാണ് പലരുടെയും ധാരണ. മതമാണ് രാഷ്ട്ര പുരോഗതിക്ക് തടസ്സമെന്നും ചില ജൽപനങ്ങൾ കേൾക്കാറുണ്ട്. മതമുക്തമായ ഇന്നത്തെ കേവല രാഷ്ട്രീയ പ്രവർത്തനങ്ങളും മേൽപറഞ്ഞ ശോച്യാവസ്ഥക്ക് ആക്കംകൂട്ടുന്നു.

എന്നാൽ മററുള്ളവർ ഇസ്ലാമിനെയും മുസ്ലിംകളെയും മൊത്തത്തിൽ അവമതിക്കാൻ കാരണം എന്താണെന്ന് നാം ചിന്തിക്കണം. ഇന്ന് മതമായി ബാഹ്യലോകം കാണുന്നത് മതമേലാളൻമാരായ യാഥാസ്ഥിക പുരോഹിതൻമാരെയും അവരെ അന്ധമായി പിന്തുടരുന്ന പാമര ജനങ്ങളെയുമാണ്. ജൂതൻമാരുടെയും ക്രിസ്ത്യാനികളുടെയും അവസ്ഥ തന്നെ മുസ്ലിം സമുദായത്തിനും വന്നു ഭവിച്ചിരിക്കുന്നു. ''നിങ്ങൾക്കുമുമ്പുള്ളവരെ നിങ്ങൾ ചാണിന്നു ചാണായും മുഴത്തിനുമുഴമായും പിൻപററുക തന്നെചെയ്യും. അവർ ഒരു ഉടുമ്പിൻെറ മാളത്തിൽ പ്രവേശിച്ചെങ്കിൽ നിങ്ങളും അതിൽ പ്രവേശിക്കാതിരിക്കില്ല.'' എന്ന നബി വചനം എത്രമാത്രം അന്വർഥമാണ്! അല്ലാഹു നമ്മെ സൽപാതയിൽ നയിക്കട്ടെ.

# ഇസ്ലാമിലെ നാഗരികത്വം
## (തുടർച്ച)

**നിയമങ്ങൾ :** ഇസ്ലാമിൻെറ നിയമഘടകങ്ങളേയും നീതിപാലന നിദാനങ്ങളേയും പററി നമുക്ക് ചിന്തിക്കാം. ആത്മീയ ശാന്തിക്കും,പരലോക മുക്തിക്കും വേണ്ട കാര്യങ്ങൾമാത്രം പ്രതിപാദിക്കുന്ന മതമല്ല ഇസ്ലാം. ലോകസമാധാനത്തിനും ഐഹിക അഭിവൃദ്ധിക്കും ഉതകുന്ന നിയമസംഹിത കൂടിയാണത്. ലോകം എത്ര പരിഷ്കരിച്ചാലും ഇസ്ലാമിക വിധികൾ അതിനു പാകമായിത്തന്നെ നിൽക്കും.

ഇസ്ലാമിലെ കർമ്മ ശാസ്ത്രങ്ങളും സിവിൽ ക്രിമിനൽ നിയമങ്ങളും സാമുദായിക മുറകളും, ഗൃഹഭരണവും, രാഷ്ട്രീയാദർശങ്ങളും പഠിക്കുമ്പോൾ അതിൻെറ പ്രാധാന്യം പ്രായോഗികമായി മനസ്സിലാകും. അനുദിനം അഭിപ്രായം മാറിക്കൊണ്ടിരിക്കുന്ന ഇന്നത്തെ നിയമനിർമാണത്തിൻെറ അസ്ഥിരത കണ്ടാൽ മുസ്ലിമിന് അത്ഭുതം തോന്നും. എന്നാൽ ഈ രംഗത്ത് ഖുർആനിക നിയമങ്ങൾ നടപ്പിലാക്കുന്ന സാഹചര്യം ഉണ്ടാവുകയാണെങ്കിൽ, ദിനംപ്രതി നിയമം മാററുന്നതും ദേശം തോറും നിയമം അതിലംഘിക്കുന്നതും അപ്രായോഗികമായ പരിഷ്കാരം കൊണ്ടുവരുന്നതും അവസാനിക്കുമായിരുന്നു.

## പിൽക്കാലഗ്രന്ഥങ്ങൾ

ഇസ്ലാമിക നിയമശാസ്ത്രത്തെപ്പററി പറയുമ്പോൾ, പിൻഗാമികളായ ചില പണ്ഡിതൻമാരുടെ ഗ്രന്ഥങ്ങളെയും ആധുനിക കാലത്തെ പുരോഹിതന്മാരുടെ ആദർശങ്ങളെയും പററി വ്യസനിക്കാതിരിക്കാൻ നിവൃത്തിയില്ല. കക്ഷികൾക്ക് വേണ്ടി വാദിക്കുകയും, അനാവശ്യമായ വ്യാഖ്യാനം നൽകുകയും ചെയ്യുന്നത് പിൽക്കാല ഗ്രന്ഥങ്ങളുടെ പ്രത്യേകതയാണ്. മധ്യനൂററാണ്ടുകൾക്കുശേഷം ഈ വൈകല്യം ഏറ്റെ കാണാം. ഒരാൾ ഒരു ഗ്രന്ഥമെഴുതിയാൽ വേറൊരാൾ അതൊന്ന് ചുരുക്കും. മൂന്നാമൻ അതു വ്യാഖ്യാനിക്കും. നാലാമൻ അതിൽ കുറെക്കൂടി ചേർക്കും. ഇനിയുമൊരാൾ അതു പിന്നെയും ചുരുക്കും. മൂലഗ്രന്ഥവും അവസാനത്തെ സംഗ്രഹവും തമ്മിലുള്ള ബന്ധം ആനയും കഴിയാനയുംപോലെയായിരിക്കും. ചില പിൽക്കാല ഗ്രന്ഥങ്ങൾ വായിച്ചാൽ മനുഷ്യക്ക് മനസ്സിലാകാതിരിക്കാൻ വേണ്ടിയോ, ബുദ്ധിയെ പരിഹസിക്കുവാൻ വേണ്ടിയോ രചിച്ചതാണവയെന്നു തോന്നും. ഒററപ്പെട്ട നല്ലഗ്രന്ഥങ്ങൾ ഇല്ലെന്നല്ല പറഞ്ഞത്. എങ്കിലും ഇസ്ലാമിക നിയമങ്ങൾ മനസ്സിലാക്കാൻ ഖുർആനും സുന്നത്തും മുൻകാല ഗ്രന്ഥങ്ങളുമാണ് ആധാരമാക്കേണ്ടത്.

## ഇന്നത്തെ ഇസ്ലാമിക രാഷ്ട്രങ്ങൾ

വ്യസനകരമായ മറെറാരു സംഗതികൂടിയുണ്ട്. ഇന്ന് ഇസ്ലാമിക രാഷ്ട്രങ്ങളായി അറിയപ്പെടുന്നവയുടെ സ്ഥിതിയാണത്. ഹാ! കഷ്ടം! പാശ്ചാത്യൻ രാജ്യങ്ങളുമായുള്ള സമ്പർക്കവും അവർക്ക് ചെയ്യുന്ന ദാസ്യവും കാരണം അവരെ തൃപ്തിപ്പെടുത്താൻ വേണ്ടി ഇസ്ലാമിക ഭരണ നിയമങ്ങൾ മിക്കരാജ്യങ്ങളും കയ്യൊഴിച്ചിരിക്കയാണ്. പാശ്ചാത്യരെ അനുകരിക്കുന്തോറും അവരുടെ അടിമകളായിപ്പോകുന്നതാണ് അനുഭവം.

ഇസ്ലാമിലെ ധനവിനിയോഗ നിയമവും ഭരണരീതിയും കൈക്കൊള്ളാൻ ഏതു രാഷ്ട്രം സന്നദ്ധമാകുന്നുവോ അവക്ക് അഭിവൃദ്ധി കൈവരികയും ചെയ്യും. ഇസ്ലാമിക നിയമത്തിന്റെ അപൂർണ്ണത കാരണമോ അപ്രയോഗികതമൂലമോ അല്ല ചില മുസ്ലിം രാഷ്ട്രങ്ങൾ അവ പാലിക്കാത്തത്. ഭൗതിക

പ്രമത്തതയും പാശ്ചാത്യാനുകരണ ഭ്രമവും മാത്രമാണവരെ നയിക്കുന്ന ഘടകം.

ഖുർആൻ ഘോഷിക്കുന്ന ഏതെങ്കിലും നിയമമോ തത്വമോ, ഏതെങ്കിലും കാലത്തിനോ ദേശത്തിനോ യോജിക്കാത്തതായി കാര്യകാരണ സഹിതം തെളിയിക്കാൻ ഇന്നുവരെ ആർക്കും സാധിച്ചിട്ടില്ല. എന്നുമാത്രമല്ല ബലപ്പെട്ട ഒരൊററ ഹദീസിൻെറയും ആശയം മേൽപറഞ്ഞ ദോഷമുള്ളതോ പൊതുനന്മക്ക് ഹാനികരമോ ആയി ചൂണ്ടിക്കാണിക്കാൻ പോലും ആർക്കും കഴിഞ്ഞിട്ടില്ല. പരസ്പരം അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിട്ടുപോലും മുൻകാല ഇമാമുകളിലാരെങ്കിലും നൽകിയ ഒരു ഫത്'വ പൊതുനന്മക്ക് വിരുദ്ധമായതായി റിപ്പോർട്ട ചെയ്യപ്പെട്ടിട്ടില്ല.

## രേഖകൾ

ഇസ്'ലാമിലെ നീതി നിയമങ്ങൾക്കും വിധികൾക്കും നിദാനം നാലുരേഖകളാണ്. ആരാധനാപരമായ കാര്യങ്ങളോ, സാമ്പത്തികവും, വ്യവഹാരപരവും, വൈവാഹികവുമായ കാര്യങ്ങളോ, രാഷ്ട്രീയവും സാമൂഹികവുമായ പ്രശ്നങ്ങളോ ആവട്ടെ ഈ രേഖകളെ ആധാരമാക്കിയാണ് തീർപ്പു കൽപ്പിക്കപ്പെടുക. ഖുർആനിൻെറ പ്രത്യക്ഷാർത്ഥത്തിലുള്ള വിധികൾക്ക് ഏററവും മുൻഗണന നൽകുന്നു. ഏതെങ്കിലും ഒരു കാര്യത്തിൽ ഖുർആനിക നിർദ്ദേശങ്ങൾ കാണാതെ വരുമ്പോൾ തിരുചര്യയാണവിടെ ആധാരം. നബിചര്യയിലും വിശദീകരണം ലഭിച്ചിട്ടില്ലാത്ത പക്ഷം, അതാതു കാലത്തെ മുഴുവൻ മതപണ്ഡിതന്മാരുടെയും ഏകോപിച്ച അഭിപ്രായം ആരായുന്നു. ഇതാണ് 'ഇജ്'മാഅ്' എന്ന മൂന്നാമത്തെ രേഖ. നാലാമത്തേതാകട്ടെ, ഖുർആനിൻെറയും ഹദീസിൻെറയും അടിസ്ഥാനത്തിൽ, പാണ്ഡിത്യം തികഞ്ഞ പണ്ഡിതന്മാർ നടത്തുന്ന അഭിപ്രായമാണ്. പുതിയ പ്രശ്നങ്ങൾ, തത്തുല്യമായ മററുകാര്യങ്ങളുടെ നിയമങ്ങളും വിധികളും ബന്ധപ്പെടുത്തി വിലകലനം ചെയ്യുന്നു എന്നർത്ഥം. ഇതത്രെ 'ഖിയാസ്.'

സമൂഹത്തിൻെറ മുന്നിൽ വന്നുഭവിച്ച ഒരു പ്രശ്നത്തിന് മററു മൂന്നു രേഖകളിലും തെളിവുകൾ കാണാതിരിക്കുമ്പോൾ മാത്ര

മാണ് ഖിയാസ് വേണ്ടിവരിക. എന്നാൽ ഏതെങ്കിലും കാര്യങ്ങൾ ഭാവനയിൽ കാണുക, അതിന് പരിഹാരവും കണ്ടെത്തുക എന്നത് പാടില്ല. പിൽക്കാല കർമ്മശാസ്ത്ര പണ്ഡിതന്മാരിൽ ചിലരെങ്കിലും ഈ രംഗത്ത് അതിരുകവിഞ്ഞ് പ്രവർത്തിച്ചിട്ടുണ്ട് എന്ന പറയാതിരിക്കാൻ നിർവാഹമില്ല. അസംഭവ്യങ്ങളും ഒരുവേള ആഭാസകരങ്ങളുമായ ഒട്ടേറെ പ്രശ്നങ്ങൾ ഭാവനയിൽ മെനഞ്ഞെടുത്ത് നടത്തിയ അവരുടെ സങ്കൽപ തീരുമാനങ്ങൾക്ക് കണക്കില്ല. അത്തരത്തിൽ ദുരുപയോഗപ്പെടുത്താവുന്ന ഒന്നല്ല ഖിയാസ്.

ഇത്രയും പറഞ്ഞതിന്റെ സംഗ്രഹം ഇതാണ്. ഇസ്ലാമിന്റെ നിയമങ്ങളിൽ ഒരു വ്യക്തിയോ, കക്ഷിയോ, കാലാകാലങ്ങളിൽ മാറിവരുന്ന ഭരണകർത്താക്കളോ ഏകപക്ഷീയമായി തീരുമാനമെടുക്കുക എന്ന ഏർപ്പാടില്ല. മൗലികമായ നിയമങ്ങളിൽ കാലികമായ മാററങ്ങൾ വരുത്താൻ 'സുന്നഹദോസു' കൂടി തീരുമാനിക്കാവതല്ല. ഭൂരിപക്ഷത്തിന്റെ ഹിതവും ഖുർആനിക വിരുദ്ധമാണെങ്കിൽ നിയമമായിത്തീരുകയില്ല. ഏതു തീരുമാനവും ആർക്കും എടുക്കാവുന്ന തരത്തിൽ സ്വതന്ത്രമോ, കണ്ണടച്ചംഗീകരിക്കുന്ന പൗരോഹിത്യമോ ഇസ്ലാമിലില്ലതാനും.

## ഇസ്ലാം ഇഹപര നന്മക്ക്

ഇസ്ലാമിന്റെ ആകെത്തുക ഖുർആൻ തന്നെയാണ്. നബിവചനങ്ങൾ അതിന്റെ വിവരണവും വ്യാഖ്യാനവും മാത്രം. ''തന്നിഷ്ടപ്രകാരം അദ്ദേഹം (നബി) സംസാരിക്കുകയില്ല. അത് ദൗത്യമായികൊടുക്കപ്പെടുന്നത് മാത്രമാണ്.'' (ഖു) പാരത്രിക കാര്യം മാത്രം വിശദീകരിക്കുന്ന ഒരു തത്വമല്ല ഇസ്ലാം. ഭൗതിക ജീവിതം സുഖകരമാക്കാനുള്ള ഒരു പദ്ധതിയുമല്ല അത്. മറിച്ച് ഇഹപര നന്മക്കാവശ്യമായ മുഴുവൻ കാര്യങ്ങളും പ്രതിപാദിച്ച ഒരു മതമാണ്. മനുഷ്യൻ മരിക്കുന്നതുവരെ സമാധാനത്തോടും അഭിവൃദ്ധിയോടും കൂടി ജീവിക്കുന്നതോടൊപ്പം, മരണാനന്തരമുള്ള അനശ്വര സുഖത്തിനുവേണ്ടി ഭൗതികജീവിതം ക്രമപ്പെടുത്തേണ്ടതുണ്ട്, എന്നും അത് ഉദ്ഘോഷിക്കുന്നു. ''ഞങ്ങളുടെ നാഥാ, ഞങ്ങൾക്ക് ഇഹത്തിൽ

നന്മ തരേണമേ എന്നു പ്രാർത്ഥിക്കുന്ന ചിലർ മനുഷ്യരിലുണ്ട്. അവക്ക് പരലോകത്തിൽ യാതൊരു ഓഹരിയുമില്ല. അവരിൽ ചിലർ പറയും: നാഥാ ഞങ്ങൾക്ക് ഇഹത്തിൽ നന്മ തരേണമേ, പരലോകത്തിലും നന്മ തരേണമേ, നരകശിക്ഷയിൽ നിന്ന് ഞങ്ങളെ രക്ഷിക്കേണമേ; അവക്ക് തങ്ങൾ അദ്ധ്വാനിച്ചതിന്റെ തോതനുസരിച്ച് ലഭിക്കുന്നതാണ്.''

ചിന്താബന്ധുരമായ ഒരു നബിവചനവും കൂടി കാണുക. ''നീ എന്നെന്നും ജീവിച്ചിരിക്കുന്നവനെപ്പോലെ ഇഹലോകത്തിനുവേണ്ടി പ്രവർത്തിക്കുക; നാളെത്തന്നെ മരിച്ചുപോകുമെന്നപോലെ നീ പരലോകത്തിനുവേണ്ടിയും പ്രവർത്തിക്കുക.'' സഹോദരങ്ങളെ ചിന്തിക്കുക. ഈ രണ്ടു ചിന്തയും സമ്മേളിച്ച ഒരു വ്യക്തി സ്വാഭാവികമായും ദുൻയാവിനും പരലോകത്തിനും കൊള്ളാവുന്നവനായത്തീരുമെന്ന കാര്യത്തിൽ സംശയമില്ല.

മറ്റൊരു നബിവചനത്തിൽ ഈ ആശയം ഒന്നുകൂടി വ്യക്തമാകുന്നു. ''ഇഹത്തിനു വേണ്ടി പരത്തെ ഉപേക്ഷിക്കുകയോ, പരലോകത്തിനുവേണ്ടി ഇഹത്തെ ഉപേക്ഷിക്കുകയോ ചെയ്യുന്നവനല്ല നിങ്ങളിൽ ഉത്തമൻ; അതുരണ്ടുംകൂടി പ്രാപിക്കുകയാണ് വേണ്ടത്. നിങ്ങൾ ജനങ്ങൾക്ക് ഒരു ഭാരമായിത്തീരരുത്.

## ത്യാഗം എന്നാൽ എന്ത്?

ത്യാഗംചെയ്യുക എന്നുപറഞ്ഞാൽ-ചിലർ ധരിച്ചപോലെ-ഐഹിക ജീവിതത്തിൽ കഷ്ടപ്പെട്ട് പട്ടിണികിടന്ന് നരകിക്കുക എന്നോ, ഉള്ള സമ്പാദ്യമത്രയും ദൂരെ എറിയുക എന്നോ അല്ല. 'നിന്റെ സ്വത്തു മുഴുവൻ വിറ്റോ, ധർമ്മം ചെയ്തോ ഉപേക്ഷിച്ചു നീ എന്റെ കൂടെവരൂ' എന്ന് പ്രവാചകൻ ഒരാളോടും പറഞ്ഞിട്ടില്ല. 'തന്റെ സ്വത്ത് മുഴുവൻ ധർമ്മം ചെയ്തുട്ടേയോ' എന്നന്വേഷിച്ചവനോട് തിരുമേനി പറഞ്ഞതിങ്ങനെയാണ്. ''മൂന്നിലൊന്നുമതി; അതുതന്നെ അധികമാണ്. നിന്റെ അനന്തിരാവകാശികളെ, ജനങ്ങളോടുയാചിക്കുന്ന ദരിദ്രരായി വിട്ടുകളയുന്നതിനേക്കാളും നല്ലത് അവരെ ധനികന്മാരായി വിട്ടു പോവുകയാണ്.'' സമ്പാദ്യവും കുടുംബവും നാടുംവീടും

ഉപേക്ഷിച്ച തപസ്സചെയ്യുന്നത് ഇസ്ലാം പുണ്യമായി കാണു ന്നില്ലെന്നു മാത്രമല്ല; നിരോധിക്കുകയാണു ചെയ്യുന്നത്.

## കുടുംബജീവിതം

'സൃഷ്ടികളെല്ലാം അല്ലാഹുവിൻെറ പരിവാരമാണ്. തൻെറ പരിവാരത്തോട് ഏററവും ഉപകരിക്കുന്നവനാണ് അവൻെറ അടുക്കൽ ഇഷ്ടപ്പെട്ടവൻ' എന്നു നബി (സ) പറഞ്ഞിരിക്കുന്നു. വിശുദ്ധമായ മാതാ–പിതാ–പുത്ര ബന്ധത്തെപ്പററി ഖുർആൻ പറയുന്നതു നോക്കുക. ''തൻെറ മാതാപിതാക്കൾക്ക് നന്മ ചെയ്യുവാൻ മനുഷ്യനോടു നാം ഉപദേശിക്കുന്നു. അമ്മ അവനെ കഷ്ടപ്പെട്ടു ഗർഭം ചുമക്കുകയും കഷ്ടപ്പെട്ടു പ്രസവിക്കുകയും ചെയ്തു. അവൻെറ ഗർഭകാലവും മുലകുടിയുംകൂടി മുപ്പതു മാസം വേണം. അങ്ങനെ അവൻ പ്രായപൂർത്തിയായി, 40 വയസ്സുതികഞ്ഞാൽ (പക്വതയെത്തിയാൽ) അവൻ പറയും. എൻെറ നാഥാ എനിക്കും എൻെറ മാതാപിതാക്കൾക്കും, നീ ചെയ്തുതന്നിട്ടുള്ള അനുഗ്രഹങ്ങൾക്ക് നന്ദിചെയ്യാനും, നീ തൃപ്തിപ്പെടുന്ന സൽപ്രവൃത്തികൾ ചെയ്യാനും എനിക്ക് നീ സൗകര്യം നൽകേണമേ; എൻെറ സന്താനങ്ങളിൽ എനിക്ക് നീ നന്മചെയ്ത് തരികയും ചെയ്യേണമേ, ഞാനിതാ നിന്നിലേക്ക് പശ്ചാത്തപ്പിച്ചു മടങ്ങുന്നു. ഞാൻ മുസ്ലിമാണ് താനും.''

മാതാപിതാക്കൾ അന്യമതസ്ഥരും, അതിലേക്കു നിർബന്ധിക്കുന്നവരും ആയാൽപോലും—ആ കാര്യം സമ്മതിച്ചുകൂടെങ്കിലും—അവരോടു നല്ല നിലയിൽ വർത്തിക്കണമെന്നാണ് ഖുർആനിൻെറ ശാസന. കുടുംബബന്ധത്തിൻെറ ബലിഷ്ഠ കണ്ണികൾ ഊട്ടിയുറപ്പിക്കാൻ ഖുർആനും ഹദീസും നിരന്തരം ഉണർത്തുന്നുണ്ട്.

## ശത്രുക്കളോട്

മുസ്ലിംകളുടെ ബദ്ധവൈരികളായിരുന്നാൽപോലും ശത്രുക്കളോട് പെരുമാറേണ്ടതെങ്ങനെയെന്ന് ഖുർആൻ പറയുന്നു. ''...ഒരു വിഭാഗത്തോടുള്ള ഈർഷ്യ, നീതിപാലിക്കാതിരിക്കാൻ നിങ്ങളെ പ്രേരിപ്പിക്കാതിരിക്കട്ടെ; നിങ്ങൾ നീതി പാലിക്കുവിൻ; അതാണ് ദൈവഭക്തിയോടു ഏററവും യോജിച്ചത്.'' മറെറാരു വചനം ഇതാ. ''മതവിഷയത്തിൽ നിങ്ങ

ളോട്ട യുദ്ധം ചെയ്യുകയോ സ്വഭവനങ്ങളിൽനിന്ന് നിങ്ങളെ പുറത്താക്കുകയോ ചെയ്യാിട്ടില്ലാത്തവരോടും നന്മയിൽ വർത്തിക്കുന്നതിനും, അവരോട് നീതിപാലിക്കുന്നതിനും നിങ്ങൾക്ക വിരോധമില്ല. തീച്ചയായും നീതി പാലിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നു....''

യുദ്ധമുന്നണിയിൽ മുഖാമുഖം നില്ക്കുന്ന ശത്രുവിനോട്ട പോലും അന്യായം ചെയ്യരുതെന്ന് പഠിപ്പിച്ച ഒരു വേദ ഗ്രന്ഥം ഖുർആനല്ലാതെ വേറെ ഏതാണ്? ''നിങ്ങളോട്ട യുദ്ധത്തിനു വരുന്നവരോട്ട നിങ്ങൾ ദൈവമാർഗ്ഗത്തിൽ യുദ്ധം ചെയ്യുക; നിങ്ങൾ അതിരുവിട്ട പോകരുത്; അതിരുകവിയുന്നവരെ അല്ലാഹു ഇഷ്ടപ്പെടുകയില്ല '' (വി. ഖു) ''നിന്നെ വിശ്വസിക്കുന്നവരോട്ട വിശ്വാസം നിറവേററുക, നിന്നെ വഞ്ചിക്കുന്നവനെ നീ വഞ്ചിക്കരുതെന്നാ''ണ് നബി പറയുന്നത്. എത്ര ഉദാത്തമായ ആശയം!

സ്വസമുദായാംഗങ്ങളോടാകട്ടെ, മര്യാദയോടും സൗഹാർദ്ദത്തോടും പെരുമാറുവാൻ ഇസ്ലാമിനെപ്പോലെ നിഷ്കർഷിക്കുന്ന മറെറാരു പ്രത്യയ ശാസ്ത്രവുമില്ല. ''ഒരാൾ തനിക്ക് വേണ്ടി ഇഷ്ടപ്പെടുന്നതെല്ലാം തന്റെ സഹോദരനുവേണ്ടിയും ഇഷ്ടപ്പെടാൻ തയ്യാറാകുന്നതുവരെ, മസ്ലിമാകുകയില്ല'' എന്നാണ് നബി(സ) പറയുന്നത്. ഈ വിഷയത്തിൽ നിരവധി ഹദീസുകൾ ഉണ്ട്.

## അഭിപ്രായ സ്വാതന്ത്ര്യം

മറേറതു സമൂഹത്തേക്കാളുമധികം അഭിപ്രായ സ്വാതന്ത്ര്യം അംഗങ്ങൾക്ക് അനുവദിച്ച മതമാണിസ്ലാം. അതിനർത്ഥം തോന്നിയപോലെ ആക്കും എന്തും പറയാമെന്നല്ല. ''അല്ലാഹുവും റസൂലും ഒരു കാര്യം തീരുമാനിച്ചുകഴിഞ്ഞാൽ — അഥവാ മതവിധികളിൽ —സത്യവിശ്വാസികൾക്കോ വിശ്വാസിനികൾക്കോ അഭിപ്രായപ്രകടനം പാടില്ല'' എന്നു ഖുർആൻ പറയുന്നു. ബന്ധിതമല്ലാത്ത കാര്യങ്ങളിൽ ഭിന്നാഭിപ്രായവും മററും സ്വാഭാവികമാണ്. ഉമർ (റ) നബിയോട്ട പലകാര്യങ്ങളിലും വിയോജിപ്പു പ്രകടിപ്പിച്ചു. ചിലപ്പോൾ നബിയുടെ അഭിപ്രായം മനസ്സിലാക്കിയ ഉമർ(റ)ഖേദം പ്രകടിപ്പിച്ചു. മററു ചിലപ്പോൾ

അദ്ദേഹത്തിന്റെ അഭിപ്രായത്തെ നബി മാനിക്കുകയും അതു സ്വീകരിക്കുകയും ചെയ്തു.

ഖലീഫ അബൂബക്കർ (റ) 'ഫദ്ക്' എന്ന തോട്ടം അലി (റ) ന് എഴുതിക്കൊടുത്ത വിധിയെ ഉമർ (റ) ചോദ്യം ചെയ്യുകയും കാര്യകാരണ സഹിതം അതിന്റെ സാധുതയെ വിമർശിക്കുകയും ചെയ്തപ്പോൾ, അദ്ദേഹം അതു സ്വീകരിക്കുകയുണ്ടായി. ഖുർആനിൽ പറഞ്ഞ ഒരു ഉപമയെപ്പററി ഒരിക്കൽ നബി ചോദിച്ചു. ആരും മിണ്ടിയില്ല. നബി തന്നെ ഉത്തരം പറഞ്ഞു. ''നബി പറഞ്ഞത് ഈത്തപ്പനയെപ്പററിയാണെന്ന് എനിക്കു തോന്നിയിരുന്നുവെന്നും, പ്രമുഖരുടെ സദസ്സിൽ ചെറുപ്പക്കാരനായ ഞാൻ പറയാൻ മടിച്ചതാണെന്നും ''ഇബ്നു ഉമർ (റ) അറിയിച്ചപ്പോൾ, ''മോനെ നീ അതു തുറന്നുപറയുകയായിരുന്നു എനിക്കേററവും അഭിമാനകരം'' എന്നായിരുന്നു ഉമറിന്റെ പ്രതികരണം.

അഭിപ്രായം തുറന്നു പറയുകയും മററുള്ളവരുടേത് കേൾക്കാൻ സന്നദ്ധമാകുകയും ചെയ്യുന്ന ഈ സമീപനം എത്രമാത്രം ഉന്നതവും മാന്യവുമാണ്! ചരിത്രത്തിൽ ഉദാഹരണങ്ങൾ നിരവധിയുണ്ട്. ഖുർആൻ പറയുന്നു. ''കാര്യങ്ങൾ അവരോടു കൂടിയാലോചിക്കുക. തീരുമാനിച്ചു കഴിഞ്ഞാൽ അല്ലാഹുവിൽ അർപ്പിച്ചു മുന്നോട്ടുനീങ്ങുക.''

## പൗരാവകാശം

ജനാധിപത്യ സമ്പ്രദായത്തിൽ — അർഥമില്ലെങ്കിലും — ഏറെ ആവർത്തിക്കപ്പെടുന്ന ഒരു പദമാണിത്. ഇസ്ലാമിക ചരിത്രത്തിലാണ് അതിന്റെ ഉത്തമ മാതൃക കാണുക. പേരുകേൾക്കുമ്പോൾ കിഴക്കും പടിഞ്ഞാറും വിറച്ചിരുന്ന ഖലീഫ ഉമർ(റ) ഒരിക്കൽ പ്രസംഗിക്കുന്നു. ''ജനങ്ങളേ കേൾക്കുക, അനുസരിക്കുക...'' സദസ്സിൽ നിന്ന് ഒരു എളിയ മനുഷ്യൻ എഴുന്നേററു. ''ഇല്ല, കേൾക്കില്ല, അനുസരിക്കില്ല!'' ഉമർ സ്തംഭിച്ചു. സദസ്സ് നിശ്ശബ്ദം. ഉമർ ചോദിച്ചു ''എന്തുകൊണ്ട്''? നിസ്സങ്കോചം മറുപടി : ''യമനിൽ നിന്ന് കിട്ടിയ തുണി വീതിച്ചപ്പോൾ ഒരാൾക്ക് ഒരു കഷ്ണമാണ് ലഭിച്ചത്. താങ്കൾ വലിയ കുപ്പായമിട്ടു കാണുന്നു. ഒരു കഷ്ണം തുണികൊണ്ട് ഇതു തയ്ക്കുക

സാധ്യമല്ല. താങ്കരം ഒരു കഷ്ണം അധികം എടുത്തിരിക്കു ന്നു....''. ''ആരവിടെ'' എന്ന് ഉമർ അലറിയില്ല. വാളെടുത്തി ല്ല. വിനീതനായി ഉമർ, മകൻ അബ്ദുല്ലയോട് മറുപടി പറ യാൻ ആവശ്യപ്പെട്ടു. അബ്ദുല്ല : ''സഹോദരങ്ങളേ, എല്ലാവ ക്കും ഓരോ കഷ്ണം തന്നെയാണ് കിട്ടിയത്. എനിക്ക് ലഭി ച്ച ഓഹരികൂടി ഞാൻ ഉപ്പാക്ക് നൽകി. അങ്ങനെയാണദ്ദേഹം വലിയ കപ്പായം തുന്നിച്ചത്.'' ചോദ്യകർത്താവ്: ''എങ്കിൽ കല്പിച്ചോളൂ, കേരംക്കാം, അനുസരിക്കാം.'' സർവത്ര സന്തോ ഷം. ഭരണാധികാരിയെപ്പററി അറിയാനുള്ള ഒരു പൗരൻെറ അവകാശവും ഇത്ര ഉന്നതമായ സ്ഥിതി സമത്വവും പരസ്പരം വിനയാന്വിതമായ സമീപനവും ഭൂനിയാവിൽ ഏതെങ്കിലും ചരിത്രത്തിൽ കേട്ടുകേരംവിയെങ്കിലുമുണ്ടോ? ഇസ്ലാമിക ചരി ത്രത്തിൽ ഉദാഹരണങ്ങരം നിരവധിയുണ്ട്. ദീർഘഭയത്താൽ നീട്ടുന്നില്ല.

## അർഹതക്ക് അംഗീകാരം

പ്രായമോ പ്രമാണിത്തമോ സമ്പദ്ശേഷിയോ അല്ല, കാര്യപ്രാപ്തിയും ആത്മാർത്ഥതയും മററുമാണ് നേതൃത്വത്തിന് പരിഗണിക്കപ്പെടുന്നത്. അബൂബക്കർ, ഉമർ തുടങ്ങിയ പ്രഗ ത്ഭർ അടങ്ങിയ ഒരുസൈന്യത്തിൻെറ നായകനായി നബി(സ) നിശ്ചയിച്ചത് കേവലം പതിനെട്ടു വയസ്സായ ഉസാമ (റ) യെയായിരുന്നു. ആക്കും പ്രതിഷേധമില്ലായിരുന്നു. അതെ, അർഹതക്ക് അംഗീകാരം നൽകി. പ്രായത്തെയും അറിവിനെ യും തീച്ച്യായും മാനിക്കേണ്ടതുണ്ട്. എന്നാൽ അത്തരം പരി ഗണനക്കു മുന്നിൽ അർഹത നഷ്ടപ്പെടരുത് എന്നാണ് ഈ പറഞ്ഞതിനർത്ഥം.

## സമത്വം

മനുഷ്യരെല്ലാം സമന്മാരാണ്. ദൈവഭക്തിയും സൽകർമ്മ വും കൂടുതൽ ദൈവത്തോട് അടുപ്പിക്കുന്നുവെന്നു മാത്രം. ജന്മം, കുലം, നിറം, സമ്പത്ത് തുടങ്ങിയവയൊന്നും ഔന്നത്യത്തി ൻെറ മാനദണ്ഡങ്ങളല്ല തന്നെ. ഖുർആൻ പറയുന്നു : ''ഹേ, മനുഷ്യരെ, ഒരാണിൽ നിന്നും പെണ്ണിൽ നിന്നുമാണ് നിങ്ങ ളെ നാം പടച്ചത്. നിങ്ങളെ നാം ഗോത്രങ്ങളും സംഘങ്ങളു

മാക്കിയത് പരസ്പരം തിരിച്ചറിയാൻ വേണ്ടിമാത്രം. ദൈവ ത്തിങ്കൽ ഏറ്റവും മാന്യൻ, നിങ്ങളിൽ കൂടുതൽ ഭക്തിയുള്ളവ നത്രെ.'' പൗരൻ എന്ന നിലയിൽ എല്ലാവക്കും തുല്യഅവകാ ശമുണ്ട് എന്നാണിതിൻെറ ആശയം. എന്നല്ലാതെ, ആരുംആ രെയും മാനിക്കുകയോ അനുസരിക്കുകയോ ചെയ്യേണ്ടതില്ല എ ന്ന നിഷേധാത്മകതയല്ല ഉദ്ദേശ്യം.

പരസ്പര ബഹുമാനവും അംഗീകാരവുമാണ് ഒരു സമൂഹ ത്തിൻെറ അസ്തിത്വത്തിൻെറ ആധാരശില. നബി (സ) പറ യുന്നു. ''തന്നെക്കാൾ മുതിർന്നവരെ മാനിക്കാത്തവനും തന്നെ ക്കാൾ ചെറിയവരെ സ്നേഹിക്കാത്തവനും നമ്മിൽ പെട്ടവന ല്ല.'' നോക്കൂ, ഈ പാരമ്പര്യത്തിലല്ലേ ഏതൊരു സമൂഹത്തി ൻെറയും നിലനില്പ്?

## രാജാവും പ്രജയും

ഈ ബന്ധത്തിൻെറ വലിയ രൂപമാണല്ലോ ഭരണാധികാ രിയും ഭരണീയനും തമ്മിലുള്ളത്. ഖുർആൻ പറയുന്നു. ''അ ല്ലാഹുവിനെയും റസൂലിനെയും നിങ്ങളിൽ നിന്നുള്ള കൈ കാ ര്യകർത്താക്കളെയും നിങ്ങൾ അനുസരിക്കുക '' പ്രവാചകൻെറ വിശദീകരണം. ''ഒരു നീഗ്രോ അടിമതന്നെ നിങ്ങൾക്ക് നേതൃ ത്വം നൽകിയാലും നിങ്ങൾ കേൾക്കണം അനുസരിക്കണം.'' എന്നാൽ ഭരണാധികാരിയോ? അധികാരത്തിൻെറ അഗ്രഹാര ത്തിൽ കയറി അഹങ്കരിക്കേണ്ടവനല്ല. ''ജനനേതാവ് അവരു ടെ ദാസനാണ്,'' എന്നാണ് പ്രവാചകൻ പഠിപ്പിച്ചത്.

ജനങ്ങൾ ഉറങ്ങിക്കിടക്കുമ്പോൾ ജനനായകനായ ഉമർ(റ) ഉറക്കമൊഴിച്ച് മദീനാമലഞ്ചെരുവുകളിലെ ദരിദ്ര കുടുംബങ്ങ ളുടെ സ്ഥിതി അന്വേഷിക്കാനിറങ്ങിത്തിരിച്ചത് ഏതെങ്കിലും ഇസത്തിൻെറ വക്താവായതു കൊണ്ടല്ല. ഇറാക്കിലുള്ള ഒരു ഇട യൻെറ ഒട്ടകം കാണാതെ പോയാൽ അതിനുപോലും ഭരണാ ധികാരിയായ താൻ നാളെ അല്ലാഹുവിൻെറ മുമ്പിൽ മറുപടി പറയേണ്ടിവരുമെന്ന വിശ്വാസമായിരുന്നു അതിൻെറ പ്രേരകം.

ഇമാം അലി (റ) യുടെ ഭരണകാലം. ഖലീഫയുടെ ഒരു അങ്കി കാണാതായി. ഒരു യഹൂദിയെ സംശയിക്കുന്നു. ഖലീഫ കോടതിൽ അന്യായം ബോധിപ്പിച്ചു. ശുറൈഹാണ് ജഡ്ജി. ഖലീഫയും പ്രതിയും ഹാജറായി. തന്നെ നിയമിച്ച ഖലീഫ യെ കണ്ടപ്പോൾ എഴുന്നേൽക്കാൻ ഭാവിച്ച ശുറൈഹിനെ ഖ

ലീഫ തടഞ്ഞു. അന്യായഭാഗത്തുനിന്ന് ഹാജറാക്കിയ സാക്ഷി സ്വന്തം മകനായി എന്നത് തെളിവിന് പോര എന്നുപറഞ്ഞ് കേസ് തള്ളി. പക്ഷെ,നീതിയുടെ പ്രതീകമായ കോടതിയും, സമത്വം നടപ്പാക്കിയ ഖലീഫയും! യഹൂദന്റെ മനമിളകി. കുറം സ്വയം സമ്മതിച്ചു. അങ്കിമടക്കിക്കൊടുത്തു! കഴിഞ്ഞി ല്ല. അദ്ദേഹം ഇസ്ലാം ആശ്ലേഷിക്കുകയും ചെയ്തു.

## വിട്ടുവീഴ്ചയും ശിക്ഷയും

പ്രജകളുടെ സുഖസൗകര്യങ്ങളന്വേഷിക്കേണ്ടതും പരമാവധി വിട്ടുവീഴ്ച ചെയ്യേണ്ടതും ഭരണാധികാരികളുടെ കടമയാണ്. ഇന്നത്തെപ്പോലെ 'ഔപചാരിക' കടമയല്ല. ദൈവത്തോടും മതത്തോടും തന്നോടുതന്നെയും ഉള്ള ഒരു ബാധ്യത. പ്രജകളുടെ പക്കൽ കാണുന്ന കുററങ്ങൾ പരസ്യപ്പെടാത്ത പക്ഷം മറച്ചുവയ്ക്കേണ്ടതും, പരസ്യപ്പെട്ടാൽ തക്കശിക്ഷ നല്കാൻ അധൈര്യമോ ആൾവ്യത്യാസമോ ഉണ്ടായിക്കൂടാത്തതുമാണ്.

ഒരു വൃദ്ധൻ ഖലീഫാഉമറിനോടു പറഞ്ഞു. ''എന്റെ മകൾ ഒരിക്കൽ ആത്മഹത്യക്കൊരുങ്ങി. ഞങ്ങൾ രക്ഷപ്പെടുത്തി. അവൾ പിന്നീടു പശ്ചാത്തപിച്ചു. ഇതാരും അറിഞ്ഞില്ല. അവൾക്ക് വിവാഹാലോചന വരുമ്പോൾ അവരോട് ഈ രഹസ്യം തുറന്നുപറയാതിരുന്നാൽ അത് വഞ്ചനയാകുമോ?'' ''അല്ലാഹു മറച്ചുവച്ചത് നീ പരസ്യപ്പെടുത്തുകയോ'', എന്നു പറഞ്ഞ് ഉമർ (റ) അദ്ദേഹത്തെ ശാസിച്ചു.

## പരിഷ്കരിച്ച ശിക്ഷ

കൊലയും കയ്യേററവും മാനഭംഗപ്പെടുത്തലും ഏത്ര മതത്തിലും രാഷ്ട്രത്തിലും കുററകരമാണ്. എന്നാൽ കൊലയാളിയെയും കള്ളനെയും വ്യഭിചാരിയെയും മററും ശിക്ഷിക്കുക എന്നത് പരിഷ്കാരത്തിന് യോജിക്കുന്നതല്ലെന്നാണത്രെ ചില പരിഷ്കരിച്ച രാഷ്ട്രങ്ങളുടെ അഭിപ്രായം! പരിഷ്കരിച്ച കൊലയും സമ്മതപ്രകാരമുള്ള വ്യഭിചാരവും അംഗീകൃത കളവും നടത്തുന്നതിന് നിയമതടസ്സമില്ലാത്ത ഈ കാലത്ത് കുററംചെയ്യുക എന്നത് ഒരു സാധാരണ കാര്യംമാത്രം. അശാസ്ത്രീയമായ നിയമ നടപടികൾ കാരണം, കോഴികട്ട 'ശിക്ഷ' കഴിഞ്ഞ് വന്നാൽ ആടുകക്കുന്ന, അവസ്ഥയിലേക്ക് സമൂഹം അധ:പതിച്ചു. ഇവിടെയാണ് ഇസ്ലാമിലെ ശിക്ഷാനിയമങ്ങളുടെ പ്രസക്തി കുടികൊള്ളുന്നത്. അത് വിശദമായി ഇവിടെ വിവരിക്കുന്നില്ല. ഇനിമററു ചില കാര്യങ്ങളിലേക്ക് കടക്കാം.

# അനുഷ്ഠാന കർമ്മങ്ങൾ

**നമസ്കാരം** : ഇസ്ലാമിലെ കർമാനുഷ്ഠാനങ്ങളിൽ അതിപ്രധാനമാണ് നമസ്കാരം. അതുകൊണ്ടുദ്ദേശിച്ച പാരത്രികമായ പുണ്യവും ആത്മീയോൽക്കർഷവും വിവരണാതീതമാണ്. അതിൻെറ ബാഹ്യരൂപത്തിലും അനേകം പാഠങ്ങളുണ്ട്. ഐക്യം, സമത്വം, അനുസരണം, കൃത്യനിഷ്ഠ, ശുദ്ധി തുടങ്ങിയ സ്വഭാവഗുണങ്ങൾ വളരുന്നു. വലിയവനും ചെറിയവനും, ധനികനും ദരിദ്രനും, ശത്രുവും മിത്രവും, ബാപ്പയും മകനും, രാജാവും പ്രജയും ഒരേഅണിയിൽ തോളുരുമ്മി കൃത്യസമയത്ത് ദിനേന അഞ്ചുനേരം നിർവ്വഹിക്കുന്ന ഒരു കർമം! എത്ര സുന്ദരം! ആ നമസ്കാരത്തിലെ പ്രകീർത്തനങ്ങളും പ്രാർത്ഥനകളും മനസ്സിന് ശാന്തി നല്കുന്നവയുമാണ്.

## സകാത്

സമൂഹത്തിൽ കഷ്ടപ്പെടുന്നവരെ സഹായിക്കാനും സാമ്പത്തികമായ സന്തുലനത്തിനും സർവ്വോപരി ധനികൻെറ സംശുദ്ധിക്കും വേണ്ടി ഇസ്ലാം സകാത് ഏർപ്പെടുത്തിയിരിക്കുന്നു. അല്ലാഹുവിൻെറ ഔദാര്യമായ ധനത്തിന് 'സകാത്' നൽകു

മ്പോൾ അത് ധനികന്റെ ഔദാര്യമായി പരിഗണിക്കുന്നില്ല. മറിച്ച് ദരിദ്രന്റെ അവകാശമാണ്. എങ്കിലും നല്കുന്നവന് ഔന്നത്യവും വാങ്ങുന്നവന് അധമത്വവും കൽപിക്കപ്പെട്ടേക്കാം. അതിനാലാണ് സകാത് ശേഖരിച്ച് അർഹരായവരെ കണ്ടുപിടിച്ച് അവക്ക് എത്തിച്ചുകൊടുക്കാൻ ഇസ്ലാം കൽപിക്കുന്നത്. ഭരണകൂടമാണ് ഈ ഉത്തരവാദിത്തം നിർവഹിക്കേണ്ടത്. ഭരണകൂടത്തിന്റെ അഭാവത്തിൽ മുസ്ലിം സമൂഹത്തിന്റെ നേതൃത്വം വഹിക്കുന്നവരോ പള്ളിമഹല്ലുകളുടെ കീഴിലോ അത് നിർവ്വഹിക്കേണ്ടതാണ്. സകാത് ശേഖരിച്ച് തന്നിഷ്ടപ്രകാരം ചിലവഴിക്കുകയല്ല, അത് വിതരണം ചെയ്യപ്പെടേണ്ടവർ ആരൊക്കെയെന്ന് ഖുർആൻ വരച്ചു കാണിക്കുന്നു. ആർദ്രത അനുഭവിക്കുന്ന പാവങ്ങൾക്കും രാജ്യരക്ഷക്കുവേണ്ടിയും അടിമത്തത്തിന്റെ ഭാരംപേറി വിഷമിക്കുന്നവരെ സഹായിക്കാനും രാജ്യരക്ഷാപ്രവർത്തനത്തിനും സമുദായത്തിന്റെ നാനോൻമുഖമായ പുരോഗതിക്കും വേണ്ടിയാണ് ഈ ധനം ചിലവഴിക്കേണ്ടത്. ശാസ്ത്രീയവും പ്രായോഗികവുമായ രീതിയിൽ സകാത് സമ്പ്രദായം നടപ്പിലാക്കാൻ തയ്യാറായാൽ, ലോകത്ത് ഇന്നുവരെ അറിയപ്പെട്ടതിലേററവും ഉത്തമമായ സാമ്പത്തിക സംവിധാനമാണിതെന്നു മനസ്സിലാക്കാം. ഇസ്ലാമിന്റെ നിയമം അംഗീകരിക്കുന്നത് തങ്ങൾക്ക് അപമാനമാണെന്ന് കരുതിയാണ് യൂറോപ്യർ ഇത് നടപ്പിലാക്കാൻ തുനിഞ്ഞത്. വർഷാന്ത സകാത്തിനു പുറമെ വേറെയും ചില 'വരി'കൾ ഇസ്ലാമിലുണ്ട്. അതൊന്നും തന്നെ സാധാരണക്കാരെ ഞെക്കിപ്പിഴിയുന്ന തരത്തിലുള്ളതല്ല.

## നോമ്പ്

എല്ലാ മതത്തിലും കാണുന്ന ആരാധനയാണ് വ്രതം. ഇസ്ലാമിന്റെ നോമ്പ് മററുള്ളവയിൽനിന്ന് വ്യത്യസ്തമാണ്. ഒരു മാസക്കാലം ഭക്ഷണത്തിൽ ചില ക്രമീകരണങ്ങൾ വരുത്തുന്നത്മൂലം ലഭിക്കുന്ന ആരോഗ്യപരമായ നേട്ടങ്ങളോ, പട്ടിണിപ്പാവങ്ങളുടെ സ്ഥിതിഗതികൾ മററുള്ളവക്കുകൂടി മനസ്സിലാക്കാനുള്ള അവസരമുണ്ടാക്കലോ അല്ല നോമ്പിലൂടെ പ്രതീക്ഷിക്കുന്നത്. (അത്തരം താല്ക്കാലിക നേട്ടങ്ങളുണ്ടായേക്കാം) തന്റെ രക്ഷിതാവ് തനിക്ക് നൽകിയ എന്തനുഗ്രഹവും — ജീ

വിതത്തിന്റെ നിലനില്പിനാധാരമായ ഭക്ഷണ പാനീയം പോലും — ദൈവമാർഗത്തിൽ ഉപേക്ഷിക്കാൻ തയ്യാറാവുക എന്ന ത്യാഗമനസ്ഥിതിയും തൻമൂലം കൈവരുന്ന ഭക്തിയും സഹനവുമാണ് നോമ്പിന്റെ യഥാർത്ഥ ലക്ഷ്യം. ശരീരവും മനസ്സും മാലിന്യങ്ങളിൽനിന്ന് ശുദ്ധമാകുന്നു.

## ഹജ്ജ്

ലോകത്തിന്റെ സകല കോണുകളിൽ നിന്നും വ്യത്യസ്ത ഭാഷയും വിഭിന്ന സംസ്കാരവും വിവിധ വേഷവും ഉള്ള ആളുകൾ ഒരേ ലക്ഷ്യത്തിനുവേണ്ടി മക്കയിൽ സമ്മേളിക്കുന്നു ഏക ദൈവ വിശ്വാസത്തിന്റെ ഉറച്ച പ്രഖ്യാപനത്തോടൊപ്പം ഒരേ വിശ്വാസത്തിലൂന്നിയ വിവിധ സംസ്കാര സമന്വയത്തിന്റെ ശാദ്വല ഭൂമിയായി മക്കാനഗരവും ഹറം ശരീഫും മാറുകയാണ്, ഹജ്ജ് കാലത്ത്. ആ പുണ്യഭൂമിയിൽ രാജാവും പ്രജയും തുല്യരാണ്. അടിമയും ഉടമയും വ്യത്യാസമില്ല; വേഷത്തിൽ പോലും.

ചുരുക്കത്തിൽ, ഇസ്ലാമിന്റെ ആരാധനാ കർമങ്ങൾ ആത്മീയമായ സംശുദ്ധിയും ഭൗതികമായ ഐക്യവും സംസ്കാരവും ഊട്ടിഉറപ്പിക്കുന്ന തരത്തിലുള്ളതാണ്. ഇത്രയും പറഞ്ഞ് ഈ ഭാഗം ചുരുക്കുകയാണ്.

## നാം വേണ്ടത്

ഇസ്ലാമിന്റെ സൈദ്ധാന്തികവും പ്രായോഗികവുമായ മാഹാത്മ്യം ലോകത്തിനു നാം കാണിച്ചു കൊടുക്കേണ്ടതുണ്ട്. ഇസ്ലാമിലേക്ക് മററുള്ളവരെ നാം ക്ഷണിക്കേണ്ടതുണ്ട്. എന്നാൽ അതിന്റെയൊക്കെ മുമ്പായി ഇസ്ലാമിനെ സ്വയം മനസ്സിലാക്കുകയും ജീവിതത്തിൽ അതിനെ സ്വാംശീകരിക്കുകയും ആണ് നാം വേണ്ടത്. എങ്കിൽ മാത്രമേ അല്ലാഹു വാഗ്ദത്തം ചെയ്ത പ്രതാപം നമുക്ക് കൈവരികയുള്ളൂ. ''നിങ്ങൾ സത്യവിശ്വാസികളാണെങ്കിൽ, നിങ്ങൾ തന്നെയാണ് ഉന്നതന്മാർ.'' വിശ്വാസികളുടെ ലേബലിൽ അറിയപ്പെട്ടതുകൊണ്ടു മാത്രം ഈ ഔന്നത്യം ലഭിക്കുകയില്ല. അല്ലാഹു പറയുന്നു. ''അല്ലാഹുവിനെയും റസൂലിനെയും അനുസരിക്കുക. നിങ്ങൾ കക്ഷി വഴക്കുകൾ ഉണ്ടാക്കുകയും അരുത്. അങ്ങനെ ചെയ്യുന്നപക്ഷം നി

ങ്ങാക്ക് ഭീരുത്വം വന്നുഭവിക്കുകയും നിങ്ങളുടെ കീർത്തി നഷ്ട പ്പെടുകയും ചെയ്യും.''

മതമൈത്രിക്കും സാമുദായിക സൗഹാർദ്ദത്തിനും വേണ്ടി നമ്മുടെ സംസ്കാരവും മതവും ആക്കും അടിയറ വയ്ക്കേണ്ടതില്ല. (ചിലർ സ്വന്തം അന്തസ്സ് കളഞ്ഞ് സെക്യുലറിസ്റ്റ് ആവാൻ ശ്രമിക്കുന്നതു കാണാം) നാം ശരിയായ മതബോധമുള്ളവരായി രുന്നാൽ മററുള്ളവർക്ക് നമ്മോടു ആദരവും ബഹുമാനവും ഉണ്ടാ വുക സ്വാഭാവികം മാത്രം. നാം നമ്മളായിത്തീർന്നാൽ അതാ ണ് ഏററവും വലിയ പ്രബോധന മാർഗവും പ്രചരണോപാ ധിയും, എന്നു നാം മനസ്സിലാക്കുക. ഖുർആൻ പറയുന്നു: ''വി ശ്വസിക്കുകയും സൽകർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നവർക്ക് അല്ലാഹു വാഗ്ദാനം ചെയ്യുന്നു. അവർക്ക് മുമ്പുള്ളവർക്ക് ഭൂമി യിൽ ആധിപത്യം നൽകിയതുപോലെ അവർക്കും ആധിപ ത്യം നൽകും എന്ന്....''

# വൈവാഹിക നിയമങ്ങൾ

മനുഷ്യജീവിതത്തിന്റെ പ്രധാന ഘടകമാണ് വിവാഹവും കുടുംബജീവിതവും. സാമൂഹ്യജീവിയാണ് മനുഷ്യൻ. സമൂഹത്തിന്റെ ഏററവും ചെറിയ ഘടകമാണ് കുടുംബം. ഒരു പുരുഷനും അദ്ദേഹത്തിനു ചുററും ഒരു കുടുംബവും. അത്തരം കുടുംബങ്ങൾ ചേർന്ന സമൂഹം. ഇത് മനുഷ്യന്റെ മാത്രം പ്രത്യേകതയാണ്. ഈ പരസ്പര ബന്ധത്തിലൂടെയാണ് സ്നേഹവും സൗഹാർദ്ദവും നിലനില്ക്കുന്നത്. ഈ രംഗത്ത് മറേറതൊരു പ്രത്യയശാസ്ത്രത്തേക്കാളും മികച്ച സിദ്ധാന്തവും പ്രയോഗവും ഇസ്ലാം വരച്ചുകാണിക്കുന്നു. അതിന്റെ ഒരേകദേശ ചിത്രം മാത്രമാണിവിടെ കുറിക്കുന്നത്.

വിവാഹവും കുടുംബ പ്രാരാബ്ധങ്ങളുമില്ലാതെ ദൈവത്തെ ആരാധിച്ചുകൊണ്ടു മാത്രം ജീവിക്കുന്ന ബ്രഹ്മചര്യവും സന്യാസവും ഇസ്ലാം അംഗീകരിക്കുന്നില്ല. വികാരവും, വിചാരവുമുള്ള, കേതിയും ദൗർബല്യങ്ങളുമുള്ള, പച്ചയായ മനുഷ്യന് വേണ്ടിയുള്ളതാണ് ഇസ്ലാം.

ഒരു സംഭവം ഇവിടെ കുറിക്കട്ടെ. നബി (സ) യുടെ ദൈനംദിന ജീവിതരീതി മനസ്സിലാക്കാൻ വന്ന മൂന്നു സ്വഹാ

ബികരം പ്രവാചക പത്നിമാരിൽനിന്ന് ഒരേകദേശരൂപം മന സ്സിലാക്കി. അവർ പറഞ്ഞു : പ്രവാചകൻ (സ) പാപവിമുക്ത നായ അത്യുൽകൃഷ്ടൻ. നാം സാധാരണക്കാർ, പാപികരം, നമു ക്കിത്രയൊന്നും മതിയാകില്ല. ഒരാരം പറഞ്ഞു. ഞാൻ രാത്രി മുഴുവൻ (ഖിയാമുല്ലൈൽ) നമസ്കരിക്കും; ഉറങ്ങുകയില്ല. അപ രൻ താൻ വർഷം മുഴുവൻ നോമ്പനുഷ്ഠിക്കുമെന്നും, മൂന്നാമൻ താൻ വിവാഹം കഴിക്കുകയില്ല; ജീവിതം മുഴുവൻ ദൈവാരാ ധനയുമായി കഴിയുമെന്നും പറഞ്ഞു.

വിവരമറിഞ്ഞ പ്രവാചകൻ (സ) അവക്ക് താക്കീതു നൽ കി. അദ്ദേഹം പറഞ്ഞു: ''അറിയുക, ഞാനാണ് നിങ്ങളിൽ ഏറ്റവും ഭക്തനും പടച്ചവനെ പേടിക്കുന്നവനും. ഞാൻ രാത്രി നമസ്കരിക്കുകയും ഉറങ്ങുകയും ചെയ്യുന്നു. നോമ്പനുഷ്ഠിക്കുകയും ഒഴിവാക്കുകയും ചെയ്യുന്നു. വിവാഹം ചെയ്തു കുടുംബജീവിതം നയിക്കുന്നു. ഇതിലപ്പുറം ആരെങ്കിലും (പുണ്യം)ആഗ്രഹിച്ചാൽ അവൻ എന്റെ കൂട്ടത്തിൽപെടില്ല.''

നോക്കൂ ഈ ചിത്രം. ജീവിത യാഥാർത്ഥ്യങ്ങളുമായി നേരി ട്ട് ബന്ധമില്ലാതെ ഒററക്കിരുന്ന് ധ്യാനിച്ച് ഭക്തനാകാമെ ന്നല്ല ഇസ്ലാമിക തത്വങ്ങരം. മറിച്ച് ജീവിതത്തിന്റെ പരു പരുത്ത മുഖം കണ്ടുകൊണ്ട് വിവിധ തലങ്ങളിൽ പ്രവർത്തി ക്കുകയും എന്റെ കുടുംബത്തിനുവേണ്ടി അധ്വാനിക്കുകയും ചെ യ്തുകൊണ്ടാണ് ഭക്തിയും പുണ്യവും നേടേണ്ടത് എന്നാണ് പ്രവാചകൻ പഠിപ്പിച്ചത്. അഥവാ, മാതൃകായോഗ്യമായ കുടുംബജീവിതം നയിക്കുന്നത് ഇസ്ലാമിക ചര്യയുടെ ഭാഗമാ ണ് എന്നസാരം. ഈ നിലയിലാണ് വിവാഹ ജീവിതത്തെ വിലയിരുത്തേണ്ടത്.

നബി തിരുമേനി പറയുന്നു. ''യുവാക്കളേ, നിങ്ങളിൽ വിവാഹത്തിനു സാഹചര്യം സിദ്ധിച്ചവർ വിവാഹം ചെയ്യ ണം. ദൃഷ്ടിക്കു താഴ്മയും ജനനേന്ദ്രിയങ്ങരംക്കു സൂക്ഷ്മതയും അ തിലൂടെ ലഭിക്കുന്നു.'' യുവത്വത്തിന്റെ ചാപല്യങ്ങളിൽ അക പ്പെട്ടു മാർഗഭ്രംശം സംഭവിക്കാതിരിക്കുവാനും ഉന്നതസംസ്കാരം വച്ചു പുലർത്താനും വിവാഹം ചെയ്യുക എന്നതു ഏററവും പ്രാ യോഗിക നടപടിയത്രെ. ആ പ്രായത്തിൽ അതിനുള്ള സാമ്പ ത്തിക ശേഷിയും മററും ഇല്ലെങ്കിൽ നോമ്പനുഷ്ഠിച്ച് കൂടുതൽ

സൂക്ഷ്മത പുലത്തണമെന്നാണ് പ്രവാചക ശാസന. സാംസ്കാരിക ജീർണതക്കെതിരെ ഓരോ പഴുതും അടക്കുകയാണിസ്ലാം.

അവിവാഹിതരായ സ്ത്രീപുരുഷന്മാരെ വിവാഹബന്ധത്തിൽ ഏർപ്പെടുത്തുക എന്നത് ഒരു സാമൂഹ്യബാധ്യതയായിട്ടാണ് സൂറത്തുന്നൂറിൽ അല്ലാഹു ഉണർത്തുന്നത്. കാരണം വ്യഭിചാരം എന്ന സാമൂഹിക വിപത്ത് ഇല്ലാതാക്കാൻ വേണ്ട ആദ്യത്തെ പടിയാണത്. മാത്രമല്ല, സംസ്കാരശൂന്യമായ പദപ്രയോഗവും അപരനെപ്പററി ദുരാരോപണം ഉന്നയിക്കലും വൻകുററമായി ഖുർആൻ ചൂണ്ടിക്കാണിക്കുന്നു. മനുഷ്യന്റെ ഭാവിതന്നെ തുലയാൻ പര്യാപ്തമായ രീതിയിൽ വ്യഭിചാരം ആരോപിച്ചാൽ അവന് എൺപത് അടിയാണ് ശിക്ഷ വിധിച്ചത്. എന്നാൽ വ്യഭിചാരം സംശയാതീതമായി തെളിയുന്ന പക്ഷം അതിലേറെ വലിയ ശിക്ഷ കുററക്കാർക്ക് ഇസ്ലാം നൽകുന്നു.

പണമുണ്ടാക്കാനുള്ള ഒരുപാധിയല്ല വിവാഹം. സാമ്പത്തികമായിട്ടല്ല ഈ ബന്ധം സ്ഥാപിക്കപ്പെടേണ്ടതും. സമൂഹത്തിന്റെ അടിത്തറയായ കുടുംബം കെട്ടിപ്പടുക്കേണ്ടത് സ്നേഹവും സഹകരണവും പരസ്പര വിശ്വാസവും കൊണ്ടാണ്. അതാണ് 'നിങ്ങൾ സദ്‌വൃത്തരെ വിവാഹം ചെയ്യുക; പടച്ചവൻ ഐശ്വര്യം നൽകുമെന്ന്'' അല്ലാഹു പറഞ്ഞത്. 'ഒരാൾ വിവാഹം ചെയ്താൽ മതത്തിന്റെ പകുതി പൂർത്തിയായി' (ബൈഹഖി) എന്ന് നബി(സ) പറഞ്ഞതും ഈ അർത്ഥത്തിൽ തന്നെയാണ്.

വിവാഹവും കുടുംബവും മനുഷ്യന്റെ ദൈവദത്തമായ പ്രകൃതിയാണ്. ''നിങ്ങളിൽ നിന്ന് നിങ്ങൾക്ക് ഇണകളെ സൃഷ്ടിച്ചു'' (റൂം) എന്നും ''നിങ്ങളുടെ ഭാര്യമാർ മുഖേന പുത്രപൗത്രന്മാരെ ഉണ്ടാക്കി'' (നഹ്‌ൽ) എന്നും ഖുർആൻ പറയുന്നു. മാനവ സമുദായത്തിന്റെ നിലനിൽപ്പിന്നാധാരവും ഇതു തന്നെയാണല്ലോ.

വൈവാഹിക ജീവിതത്തിന്റെ ആദ്യഘട്ടം — 'മധുവിധു' എന്നുപറയുന്ന കാലം — ഒരുപക്ഷെ ധനം, സൗന്ദര്യം, യുവത്വം തുടങ്ങിയ കാര്യങ്ങളുമായി ബന്ധപ്പെട്ടുകിടക്കുമെങ്കിലും, അവർ ക്രമേണ രക്ഷിതാക്കളും ഗൃഹനാഥന്മാരുമായിത്തീരുമ്പോൾ കൂട

തൽ ഉത്തരവാദിത്തപൂർണമായ ജീവിതത്തിലേക്കവർ നീങ്ങു ന്നു. ഭാര്യാഭർത്താക്കരം തമ്മിൽ ഇണക്കവും പൊരുത്തവും പര സ്പര വിശ്വാസവും മാത്രമല്ല സുഖദുഃഖങ്ങരം പങ്കിടാനുള്ള സന്മ നോഭാവവും കൂടിയുണ്ടാവണം. പ്രവാചകൻ (സ) ഈ വിഷയ കമായി ധാരാളം കാര്യങ്ങരം വിശദീകരിച്ചിട്ടുണ്ട്. അവയിൽ അതിപ്രധാനമായ കാര്യം ആശയപ്പൊരുത്തമാണ്. വിശ്വാസ ത്തിലും സംസ്കാരത്തിലും ചിന്താഗതിയിലുമുള്ള ഐകരൂപ്യം.

നബി പറയുന്നു: ''സ്ത്രീകരം സാധാരണ നാലുകാര്യങ്ങരം ക്കായി വിവാഹം ചെയ്യപ്പെടാറുണ്ട്. അവളുടെ ധനം, സൗന്ദ ര്യം, തറവാട്, മതം (സ്വഭാവം) എന്നിവയാണത്. നിങ്ങരം മതവിശ്വാസമുള്ളവരെ സ്വീകരിച്ച് വിജയം വരിക്കുക.'' ഇ ത്പെണ്ണിനെ തെരഞ്ഞെടുക്കുന്ന കാര്യമാണെങ്കിൽ പെണ്ണി ന്റെ രക്ഷിതാക്കളോട് നബി (സ) പറയുന്നു. ''മതനിഷ്ഠയും സ്വഭാവശുദ്ധിയുമുള്ളവൻ വിവാഹം ആലോചിച്ചാൽ (മക ളെ) കല്യാണം കഴിച്ചു കൊടുക്കുക. അല്ലെങ്കിൽ നാട്ടിൽ വലി യ കുഴപ്പമുണ്ടായിത്തീരും. (തിർമുദി)

കുടുംബത്തിന്റെ ഭദ്രതക്ക് ഏററവും അത്യാവശ്യമായ ഘട കമാണിത്. പരസ്പരം മനസ്സിലാക്കലും ഒരു ലക്ഷ്യത്തിനുവേ ണ്ടി ജീവിക്കലും. അതില്ലാതിരുന്നാലുണ്ടാകാവുന്ന ദോഷഫല ങ്ങരംക്ക് തെളിവുതേടി പോകേണ്ടതില്ല. നമുക്കുചുററും ജീവി ക്കുന്ന എത്രയോ ഉദാഹരണങ്ങരം കാണാം. ഈ പ്രശ്നത്തിനു നേരെ ഏററവും ഉദാത്തമായ സമീപനം കൈക്കൊണ്ട പ്രത്യ യശാസ്ത്രം ഇസ്ലാം മാത്രമാണ്.

ഭാര്യാഭർത്താക്കന്മാരുടെ വിശ്വാസദാർഢ്യവും സ്വഭാവ ശുദ്ധിയും മൂലം ശാന്തിയും സമാധാനവും വിളയാടുന്ന ഗൃഹാ ന്തരീക്ഷത്തിലാവണം അനന്തര തലമുറ വളന്നു വരേണ്ടത്. എ ങ്കിൽ മാത്രമേ അവർ ഉത്തമ പൗരന്മാരായിത്തീരുകയുള്ളൂ. സ ന്താനസൗഭാഗ്യം ഒരു ശാപമായിട്ടാണ് പരിഷ്കൃത സമൂഹം കാണുന്നതെങ്കിലും അത് ദൈവികാനുഗ്രഹമായിട്ടാണ് ഇസ്ലാം കാണുന്നത്. അതുകൊണ്ടുതന്നെ നമ്മെ ഏൽപിച്ച ആ അമാ നത്ത് യഥാവിധി കൈകാര്യം ചെയ്യാൻ മാതാപിതാക്കരം ബാധ്യസ്ഥരാണ്.

ഭൗതികമായ മാനദണ്ഡങ്ങൾ സ്വീകരിച്ച് ഗൃഹാന്തരീക്ഷം നരകതുല്യമാക്കുകയും അതിൽ വളരുന്ന കുഞ്ഞുങ്ങൾ സ്വഭാവ ദൂഷ്യത്തിന്റെ പര്യായമായിത്തീരുകയും ചെയ്യുന്നതു നാം കാണുന്നു. ദാമ്പത്യത്തിന്റെ തെരഞ്ഞെടുപ്പിൽ വരുന്ന അപാകതയാണിത്. ഇണകളെ കണ്ടെത്തുന്നതുപോലും ഇസ്ലാമികമാവണമെന്നാണ് ഈ പറഞ്ഞതിനർത്ഥം.

വിവാഹാലോചന ഒരു ചടങ്ങല്ല. ദല്ലാലി പ്രധാനമായ ഒരു ബിസിനസ്സുമല്ല. തറവാട്ടുകാർ തമ്മിലുള്ള ഒരു ഇടപാടു മല്ല. മരണംവരെ ഒരുമിച്ചുജീവിക്കാൻ ഇണകളെ കണ്ടെത്തലാണ്. അതിൽ വധൂവരന്മാരുടെ അഭിപ്രായത്തിനാണ് പ്രാധാന്യം. വിവാഹത്തിനുമുമ്പ് തമ്മിൽ കാണൽ ഇസ്ലാം നിഷ്കർഷിക്കാൻ കാരണവും അതുതന്നെ.

എന്നാൽ നമ്മുടെ നാട്ടിൽ പെണ്ണിന്റെ അനുവാദംപോലും നോക്കാതെ മാതാപിതാക്കളും കുടുംബങ്ങളും ഏകപക്ഷീയമായി നടത്തുന്ന വിവാഹങ്ങളുണ്ട്. ഈ സമ്പ്രദായം ആത്മഹത്യാപരമാണ്. അതുപോലെ ഈ രംഗത്ത് ഒരുപാട് അനാചാരങ്ങളും തോന്ന്യാസങ്ങളും നമുക്കിടയിൽ നില നില്ക്കുന്നു. നിശ്ചയവും നിശ്ചയത്തിന് നിശ്ചയിക്കലും അതിനോടു ബന്ധപ്പെട്ട സൽക്കാര ശൃംഖലകളും നാട്ടിൽ സാധാരണമാണ്. നിശ്ചയം പറയാതിരുന്നാൽ കല്യാണത്തിനുവരാത്ത കാരണവന്മാരുണ്ട്. കല്യാണസദ്യകൾ അധികപക്ഷവും മുതലാളി വർഗത്തിന്റെ താൽപര്യ സംരക്ഷണത്തിനാണെന്നു തോന്നിപ്പോകുന്നു.

വിവാഹസമയത്തു പുരുഷൻ സ്ത്രീക്കു മഹ്ർ നൽകണമെന്നും അത് സ്വമനസ്സാലെ സന്തോഷപൂർവ്വമായിരിക്കണമെന്നും ഖുർആൻ പറയുന്നു. എന്നാൽ മഹ്റിന്റെ കാര്യംപോലും പരാമർശിക്കാത്ത 'നിശ്ചയ'ങ്ങളിലും പുരുഷന്റെ മഹ്ർ— സ്ത്രീധനം— ഉറപ്പിക്കാൻ മണിക്കൂറുകൾ നീണ്ടു ചർച്ച വേണ്ടിവരുന്നു. ഇതര സമുദായങ്ങളിൽ നിന്ന് കടന്നുകൂടിയ ഇത്തരം കാര്യങ്ങൾ ഇസ്ലാമിനു വരുത്തിയ വിന ചെറുതൊന്നുമല്ല. തലതിരിഞ്ഞ ഈ സാമ്പത്തിക ഇടപാടിൽ തന്നെയാണിക്കാലത്ത് വിവാഹവും അതിലേറെ വിവാഹമോചനവും നടക്കുന്നത് എന്ന വസ്തുത ഖേദപൂർവ്വം ഓർത്തുപോകുന്നു.

വിവാഹ രംഗത്ത് രണ്ടു വിഭാഗത്തിന്റെയും സമ്മതം വേണമെന്നുപറഞ്ഞുവല്ലോ. സ്ത്രീകളെ വിവാഹം ചെയ്തുകൊടുക്കുന്നത് രക്ഷിതാക്കളാണെങ്കിലും മകൾക്കുവേണ്ടിയാണ് ഈ കർമ്മം എന്ന ബോധം വേണം. ചില നാട്ടിൻപുറങ്ങളിൽ കാണുന്ന രീതിയിൽ നികാഹ് സമയത്ത് മറയ്ക്കുപിന്നിൽ നിന്ന് സമ്മതം 'മൂളിക്കൽ' അല്ല ഉദ്ദേശിക്കുന്നത്. മകളുടെ സമ്മതമില്ലാതെ നടത്തിയ വിവാഹം നബി(സ) ദുർബ്ബലപ്പെടുത്തിയിട്ടുണ്ട്.

ഒരിക്കൽ ഒരാൾ തന്റെ മകളെ അവളുടെ സമ്മതംകൂടാതെ വിവാഹം ചെയ്തുകൊടുത്തു. അവൾ നബിയോടു പരാതി പറഞ്ഞു. നബി (സ) പിതാവിനെ വിളിച്ചു അവൾക്ക് ഇഷ്ടമില്ലെങ്കിൽ ഒഴിവാക്കാൻ പറഞ്ഞു. അപ്പോൾ ആ സ്ത്രീ പറഞ്ഞതിപ്രകാരമാണ്. 'പിതാവ് തെരഞ്ഞെടുത്ത വിവാഹം ഞാൻ അംഗീകരിക്കുന്നു. എന്നാൽ പിതാക്കൾക്ക് ഇങ്ങനെ ചെയ്യാൻ അധികാരമില്ലെന്ന് ബോധ്യപ്പെടുത്താൻ വേണ്ടിയാണ് ഞാനീ ആവലാതി ബോധിപ്പിച്ചത്''.

## ശൈശവ വിവാഹം

വിശുദ്ധ ഖുർആനിലോ തിരുചര്യയിലോ വിവാഹപ്രായ പരിധി നിർണയിച്ചിട്ടില്ല. പ്രായപൂർത്തിയെത്തിയാൽ വിവാഹബന്ധത്തിലേർപ്പെടാം. കൃത്യമായി ഇത്രവയസ്സാണ് അതിന്റെ കണക്ക് എന്ന് ശാസ്ത്രീയമായും തെളിയിക്കുക സാധ്യമല്ല. ശാരീരികാരോഗ്യവും കുടുംബജീവിതത്തെപ്പററിയുള്ള ബോധവും വധൂവരന്മാർക്കുണ്ടായിരിക്കണം. വിവാഹപ്രായം വളരെ വൈകുന്നത് മാനസികമായും ശാരീരികമായും സാമൂഹികമായും ഗുണകരമല്ല തന്നെ. എന്നാൽ വിവാഹമെന്താണെന്നുപോലും അറിയാത്തത്ര ചെറുപ്പത്തിൽ വിവാഹം ചെയ്തുകൊടുക്കുന്നതും ദോഷകരമായി ഭവിക്കാനിടയുണ്ട്.

## കഫാഅത്

വിവാഹാന്വേഷണസമയത്ത് ഉയർന്നു കേൾക്കുന്ന ഒന്നാണ് 'കഫുവ്'. പണക്കാരനു പണക്കാരന്റെ മകൾ, തറവാടിക്ക് തറവാടി എന്ന് നാം മനസ്സിലാക്കിയ കഫാഅത് ഇസ്ലാമിലില്ല. മനുഷ്യർ തമ്മിൽ ഏതെങ്കിലും തരത്തിലുള്ള ഉച്ചനീ

ചതുങ്ങൾ ഇസ്ലാം അംഗീകരിക്കുന്നില്ല ''മനുഷ്യരേ, നിങ്ങളെ ഒരാണിൽനിന്നും പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചു...'' എന്നാണ് ഖുർആൻ പറയുന്നത്. വിശ്വാസവും സ്വഭാവവും ഒത്തുവന്നാൽ കല്യാണം കഴിച്ചുകൊടുക്കുക എന്നതിൽ കവിഞ്ഞ് ഒരു കുഫ്‌വുമില്ല. മററു സാങ്കൽപിക മിഥ്യാ യോജിപ്പുകൾ ഇസ്ലാം നിഷ്കാസനം ചെയ്യുന്നു.

ഖുറൈശീ പ്രമുഖയായ സൈനബ ബിൻത് ജഹ്ശിനെ സൈദ് എന്ന അടിമയ്ക്ക് കല്യാണം കഴിച്ചു കൊടുത്തുകൊണ്ട് നബി ആ രംഗത്ത് വിപ്ലവം സൃഷ്ടിച്ചു. സൈദിന്റെ മകൻ ഉസാമക്ക് ഫിഹ്‌രീ തറവാട്ടുകാരിയായ ഫാത്വിമയെയും, നീഗ്രോ അടിമയായ ബിലാലിന് അബ്ദുറഹ്‌മാനുബ്നു ഔഫിന്റെ സഹോദരിയെയും വിവാഹം ചെയ്തുകൊടുത്തതാണ് ഇസ്ലാമിക ചരിത്രം. പോക്കിരിത്തറവാട്ടിലേക്ക് അത്തരം തറവാട്ടിൽ നിന്നുതന്നെ പെണ്ണിനെ കൊണ്ടുവരണമെന്നും അതാണ് കുഫ്‌വ് എന്നുമുള്ള നമ്മുടെ ധാരണമാറേണ്ടിയിരിക്കുന്നു.

# സ്ത്രീ ഇസ്ലാമിൽ

ഏതൊരു സമുദായത്തിന്റെയും നാഗരികതയും പുരോഗതിയും കണക്കാക്കപ്പെടേണ്ടത് ആ സമുദായത്തിലെ അംഗങ്ങൾക്ക് ഒരു പൗരൻ എന്ന നിലയിൽ ലഭിക്കുന്ന സ്വാതന്ത്ര്യവും ഓരോരുത്തരും നിർവ്വഹിക്കുന്ന ധർമവും പരിഗണിച്ചാണ്. അതുപോലെത്തന്നെ സമൂഹത്തിന്റെ അർധഭാഗമായ സ്ത്രീകൾക്ക് ഓരോ സമൂഹത്തിലും ലഭിക്കുന്ന അവകാശങ്ങളും ആ സമൂഹത്തിന്റെ നാഗരികത്വത്തിലെ(Civility)സുപ്രധാന ഘടകങ്ങളാണ്. ഇസ്ലാമിക തത്ത്വസംഹിത ജീവിത പ്രമാണമായംഗീകരിച്ച സമൂഹത്തിന്റെ സ്ഥിതിയും ഇതിൽ നിന്ന് ഭിന്നമല്ല. സ്ത്രീകൾക്ക് അർഹമായ പരിഗണനകൾ നൽകിയ മതമാണിസ്ലാം. മററു സമുദായങ്ങളിൽ സ്ത്രീകളുടെ അവസ്ഥയുമായി താരതമ്യപ്പെടുത്തുമ്പോൾ ഈ വസ്തുത വ്യക്തമാകും.

മുഹമ്മദ് നബിയുടെ നിയോഗത്തിനു മുമ്പുണ്ടായിരുന്ന സമുദായങ്ങളിൽ സ്ത്രീകളുടെ നില എന്തായിരുന്നുവെന്നുനോക്കാം. കൊറിന്തിയർക്ക് പോൾ എഴുതിയ സുവിശേഷ(IIാം അധ്യായം)ത്തിൽ ഇപ്രകാരം പറയുന്നു. ''ദൈവം യേശുവിന്റെ ശിരസ്സും, പുരുഷൻ സ്ത്രീയുടെ ശിരസ്സുമാകുന്നു'' അതിൽ തന്നെ തുട

രുന്നു ''പുരുഷൻ ദൈവത്തിൻെറ മഹത്വവും അവൻെറ രൂപവുമാകുന്നു. എന്നാൽ സ്ത്രീ, അവരം പുരുഷൻെറ മാത്രം മഹത്വമാകുന്നു.''

ഹിജ്റയുടെ ഏകദേശം 1000 വർഷം മുമ്പ് കോൺഫ്യൂഷ്യസ് മതസ്ഥാപകൻ പറഞ്ഞതിങ്ങനെയാണ്. ''പുരുഷൻ വാനലോകത്തിൻെറ പ്രതിനിധിയാണ്. അവൻ എല്ലാത്തിൻെറയും നാഥനുമാകുന്നു. സ്ത്രീയാകട്ടെ, അവരം അവനുമായി ബന്ധിക്കപ്പെട്ടവരം മാത്രമാണ്. അവരംക്ക് സ്വയം ഒന്നും ചെയ്യാവതല്ല. കൽപിക്കാനും നിരോധിക്കാനും അവരംക്ക പാടില്ല. അവളുടെ ജോലിയെല്ലാം ഗാർഹികമായിരിക്കണം.''

പ്രവാചക നിയോഗത്തിനു മുമ്പുണ്ടായിരുന്ന അറബികളുടെ സ്ഥിതി ഇതിലും ദയനീയമായിരുന്നു. സ്ത്രീക്ക് ആത്മാവ് ഉണ്ടോ എന്നുപോലും സംശയിച്ചിരുന്ന ആ തമോയുഗത്തിലെ ആളുകരം തങ്ങരംക്ക് ജനിച്ചത് പെൺകുഞ്ഞാണെന്നറിഞ്ഞാൽ വിഷമിക്കുമായിരുന്നു. ആ കുഞ്ഞിനെ ചിലപ്പോരം ജീവനോടെ കഴിച്ചുമൂടുകയോ മുക്കിക്കൊല്ലുകയോ ചെയ്യുമായിരുന്നു! ജീവനോടെ അവശേഷിച്ചവക്ക് ഭാവിജീവിതവും സുഖകരമായിരുന്നില്ല.

അക്കാലത്ത് ഇന്ത്യയിലെ ഹിന്ദുക്കരംക്കിടയിലെ സ്ത്രീകളുടെ നിലയും മെച്ചമാണെന്ന് പറയാൻ കഴിയില്ല. ശൈശവ വിവാഹവും വിധവാവിവാഹതടസ്സവും സതിയും ഒക്കെത്തന്നെ സമൂഹത്തിൽ സ്ത്രീയുടെ സ്ഥിതി മോശമാക്കി. ബഹുഭർതൃത്വംപോലും ഇവിടെ നിലനിന്നിരുന്നു.

## ഇസ്ലാമിൽ സ്ത്രീയുടെ നില

ലോകത്ത് സ്ത്രീകളുടെ അവസ്ഥ ശോചനീയമായിരുന്ന ഘട്ടത്തിലാണ് നബിതിരുമേനി ഇസ്ലാമിക പ്രബോധന ദൗത്യവുമായി നിയുക്തനായത്. സ്ത്രീത്വത്തിന് അർഹമായ അംഗീകാരം നൽകിക്കൊണ്ടാണ് ഇസ്ലാം സാമൂഹിക പരിഷ്കരണത്തിന് തുടക്കം കുറിച്ചത്. അവളെ ദേവതയാക്കി പൂജിച്ചുകൊണ്ടല്ല; മൃഗമോ അടിമയോ ആക്കി അവഗണിച്ചു കൊണ്ടല്ല; സമൂഹത്തിൻെറ പരസ്പര പൂരക ഘടകങ്ങളാണ് സ്ത്രീയും

പുരുഷനും എന്നു പ്രഖ്യാപിച്ചുകൊണ്ട്. ഈ ഖുർആൻ വാക്യങ്ങൾ നോക്കുക.

''നിങ്ങൾക്ക് ജീവിതത്തിൽ ശാന്തി കൈവരിക്കുവാൻ വേണ്ടി നിങ്ങളിൽ നിന്നുതന്നെ ഇണയെ സൃഷ്ടിച്ചതും നിങ്ങൾക്കിടയിൽ സ്നേഹവും കാരുണ്യവും പ്രദാനം ചെയ്തതും അവന്റെ ദൃഷ്ടാന്തമാകുന്നു.'' (റൂം) ''മനുഷ്യരേ, ഒരാളിൽനിന്ന് നിങ്ങളെ സൃഷ്ടിക്കുകയും, അതിൽനിന്നുതന്നെ അതിന്റെ ഇണയെ സൃഷ്ടിക്കുകയും, അവ രണ്ടിൽ നിന്നുമായി നിരവധി സ്ത്രീപുരുഷന്മാരെ വിതരണം ചെയ്യുകയും ചെയ്ത നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ സൂക്ഷിക്കുക. (നിസാഅ്)

പെൺകുട്ടി അപമാനമായി കരുതിയ സമൂഹത്തോട്, പെണ്ണ് അപമാനമല്ല, നിന്റെ അമ്മയാണ് എന്നും. നിന്റെ ജീവിതത്തിന്ന് ശാന്തിപകരുന്ന നിന്റെ ഇണയാണ് എന്നും പ്രഖ്യാപിച്ചത് വലിയ വിപ്ലവമായിരുന്നു. പെൺമക്കളെ കൊന്ന് കുഴിച്ചുമൂടിയിരുന്നവരോടാണ്; ''നിങ്ങൾ മക്കളെ കൊല്ലരുത്; അവർക്കും നിങ്ങൾക്കുതന്നെയും ആഹാരം നൽകുന്നത് നാമാണ്'' എന്ന് ഖുർആൻ ഉൽഘോഷിച്ചത്. പ്രവാചകൻ പഠിപ്പിക്കുന്നതും ഇതുതന്നെ. ''ഒരാൾ തന്റെ പെൺകുട്ടിക്ക് നല്ല നിലയിൽ ഭക്ഷണവും ശിക്ഷണവും നൽകുകയും, തനിക്ക് കിട്ടിയ ദൈവാനുഗ്രങ്ങൾ അവൾക്കും വിശാലമാക്കിക്കൊടുക്കുകയും ചെയ്താൽ, സ്വർഗത്തിലേക്കുള്ള മാർഗത്തിൽ ആ കുട്ടി അവന് രക്ഷയായിരിക്കും.'' ഈ ആശയത്തിൽ ധാരാളം ഹദീസുകൾ കാണാം.

''നിങ്ങളിൽ വെച്ച് ഉത്തമൻ ഭാര്യമാരോട് നന്നായി പെരുമാറുന്നവനാണ്'' എന്നു പറഞ്ഞ പ്രവാചകൻ ഹജ്ജത്തുൽ വിദാഇലെ പ്രസിദ്ധമായ പ്രഭാഷണത്തിൽ സ്ത്രീകളുടെ കാര്യം പ്രത്യേകം എടുത്തു പറഞ്ഞു. അദ്ദേഹത്തിനു മരണം ആസന്നമായപ്പോൾ അവസാനത്തെ വസിയ്യത്ത് എന്ന നിലയിൽ പറഞ്ഞതും സ്ത്രീകളുടെ കാര്യത്തിൽ ശ്രദ്ധിക്കണമെന്നാണ്.

പിതാവിന്റെ സ്വത്തിൽ പെൺമക്കൾക്ക് അവകാശമുണ്ടെന്ന് ആദ്യമായി പ്രഖ്യാപിച്ചത് ഇസ്ലാമാണ്. ''മാതാപിതാക്കളും കുടുംബങ്ങളും വിട്ടേച്ചുപോയ ധനത്തിൽ പുരുഷന്മാർക്ക് വിഹിതമുണ്ട്; സ്ത്രീകൾക്കും വിഹിതമുണ്ട്.

ആ ധനം അല്പമാകട്ടെ അധികമാകട്ടെ.'' (നിസാഅ്) പരിഷ്കൃത പടിഞ്ഞാറൻ രാജ്യങ്ങൾ പോലും അടുത്ത കാലത്താണ് ഈ വക നിയമങ്ങൾ കൊണ്ടുവന്നത്. എന്നിട്ടും, 'സ്ത്രീക്ക് ആണിന്റെ പകുതി സ്വത്താണ് ഇസ്ലാം നൽകുന്നത്'' എന്ന് പറയുന്നവർ ശ്രദ്ധിക്കണം. കുടുംബത്തിന്റെ മുഴുവൻ ചിലവും ബാദ്ധ്യതയും കുടുംബത്തലവനായ പുരുഷന്റെ മേലിൽ ഏല്പിച്ചതിനു ശേഷമാണ് ഈ സ്വത്തവകാശം നൽകിയത് എന്നോർക്കുമ്പോൾ എന്തുമാത്രം നീതിഭദ്രമാണീ നിയമമെന്ന് മനസ്സിലാകും.

പെണ്ണിനെ അനന്തിരമായെടുക്കുന്ന ഏർപ്പാട് അന്ന് ഉണ്ടായിരുന്നു. അത് ഇസ്ലാം നിരോധിച്ചു. യൗവനാരംഭത്തിൽതന്നെ വൈധവ്യത്തിന്റെ കൈപ്പുനീര് കുടിക്കേണ്ടി വന്നാൽ ആജീവനാന്തം അതിൽതന്നെ നരകിച്ചിരുന്ന അവസ്ഥക്ക് മാററം വരുത്തി വിധവാ വിവാഹം ഇസ്ലാം പ്രോത്സാഹിപ്പിച്ചു.

വിവാഹവേളയിൽ സ്ത്രീക്ക് പുരുഷൻ തന്റെ കഴിവനുസരിച്ച് എന്തെങ്കിലും പാരിതോഷികം (മഹ്ർ) നൽകണമെന്ന് ഇസ്ലാം കൽപിക്കുന്നു. മാനുഷികമായ കാരണത്താൽ ബന്ധം തുടർന്നുപോകാൻ കഴിയാതെ വിവാഹമോചനത്തിൽ കലാശിച്ചാൽ പോലും ആ കൊടുത്ത തുകയിൽനിന്ന് ഒന്നും തിരിച്ചുവാങ്ങരുത് എന്നും നിഷ്കർഷിച്ചു. നോക്കൂ; യുഗാന്തരങ്ങളായി പുരുഷന്റെ താന്തോന്നിത്തത്തിന് വിധേയമായിരുന്ന സ്ത്രീക്ക് ഇസ്ലാം നൽകിയ മാന്യതയും സംരക്ഷണവും എന്തുമാത്രം ഉദാത്തമാണ്!

## സ്ത്രീ പുരുഷ സമത്വം

ആധുനിക സമൂഹത്തിൽ സ്ത്രീകളെപ്പററി രണ്ടുതരം ചിന്താഗതി കാണാം. പഴയ തലമുറയിലെ ചില യാഥാസ്ഥിതികന്മാരുടെതാണ് ഒന്ന്. അവർ സ്ത്രീയെ അടുക്കളയിൽ മാത്രം ഒതുക്കുകയും, പുരുഷന്റെ ഭോഗവസ്തുവായി മാത്രം ഗണിക്കുകയും ചെയ്യുന്നു. ഈ ദുരവസ്ഥ മുസ്ലിംകളിലും അല്ലാത്തവരിലുമുണ്ട്. അഭ്യസ്ത വിദ്യരായ ആധുനിക തലമുറയിലെ ചില ഭൗതിക ചിന്താഗതിക്കാരാണ് രണ്ടാമത്തെ വിഭാഗം. പാശ്ചാത്യൻ ചിന്താധാരയിൽ പുരോഗമനം കണ്ടെത്തുകയും

സ്ത്രീകൾ പുരുഷന്മാരെപ്പോലെ തുല്യപദവിയും, സർവ്വതന്ത്ര സ്വാതന്ത്ര്യവും ആവശ്യപ്പെടുന്നത് ഇത്തരക്കാരാണ്.

മററു കാര്യങ്ങളിലെന്നപോലെ ഈ വിഷയത്തിലും ഇസ്ലാമിന്റെ നിലപാട് ഈ രണ്ടുചിന്താഗതികൾക്കും അതീതമാണ്. മേൽപറഞ്ഞ രണ്ടുവിഭാഗത്തിൽ ഒരുകൂട്ടർ സ്ത്രീയെ പ്രസവയന്ത്രമോ വീട്ടുമൃഗമോ ആക്കുന്നു മററവർ അവളെ അവളുടെ പ്രകൃതിപോലും മനസ്സിലാക്കാതെ പുരുഷനാക്കുന്നു. ഇസ്ലാം പറയുന്നു: സ്ത്രീ, അവൾ മനുഷ്യനാണ്. മൃഗമല്ല. എന്നാൽ പുരുഷനുമല്ല.

ഖുർആൻ പറയുന്നതു നോക്കുക. "മനുഷ്യരിൽ ചിലർക്ക് ചിലരേക്കാൾ അല്ലാഹു ശ്രേഷ്ഠത നൽകിയതുകൊണ്ടും പുരുഷന്മാർ തങ്ങളുടെ സ്വത്തിൽ നിന്ന് ചിലവഴിക്കേണ്ടതുകൊണ്ടും, അവരാണ് സ്ത്രീകളുടെ മേൽ അധികാരസ്ഥന്മാർ." ഇതിനർത്ഥം പുരുഷമേധാവിത്തവും സ്ത്രീക്ക് താഴ്മയും ഉണ്ട് എന്നല്ല. സ്ത്രീകൾ എന്ന പേരിൽ ഒരദ്ധ്യായംതന്നെ ഇറക്കിയ അല്ലാഹു പറയുന്നു. "സ്ത്രീകൾക്ക് (പുരുഷന്മാരോടു) ബാധ്യതയുള്ളതുപോലെത്തന്നെ (അവരിൽ നിന്ന്) അവകാശങ്ങളും ഉണ്ട്".

ശരീര ശാസ്ത്രപരമായി നോക്കിയാലും ഈ വസ്തുത വ്യക്തമാകും. പുരുഷന്റെ പ്രകൃതവും സ്വഭാവവും, ബലിഷ്ഠവും ഗാംഭീര്യമാർന്നതുമാണ്. സ്ത്രീയുടേതാകട്ടെ കൂടുതൽ മൃദുവും ആർദ്രവുമാണ്. പ്രശ്നങ്ങളെ നേരിടുന്ന കാര്യത്തിൽ സ്ത്രീകളേക്കാൾ മനോദാർഢ്യവും ആർജവവും പുരുഷന്മാർക്കുതന്നെ. അതു സൃഷ്ടിയിൽ തന്നെയുള്ള പ്രത്യേകതയാണ്. പണ്ഡിതന്മാരും ചിന്തകന്മാരും ഈ തത്വം മനസ്സിലാക്കിയിട്ടുണ്ട്. ഫ്രഞ്ച് എൻസൈക്ലോപീഡിയ എഴുതുന്നു: "സ്ത്രീയുടെ പ്രകൃതി ഒരു ശിശുവിന്റേതുപോലെയാണ്. സന്തോഷം, ദുഃഖം, ഭയം എന്നിവ വേഗത്തിൽ അവളെ ബാധിക്കുന്നു. അതിവേഗം വികാരഭേദം പ്രത്യക്ഷപ്പെടുന്നു. ബുദ്ധിയും ചിന്താശക്തിയും പുരുഷനേക്കാൾ കുറവാണ്."

ഒരു ഫ്രഞ്ചുമാസികയിൽ മാസ്റ്റർ ജോൽസിമൽ പറയുന്നു: 'പുറംജോലികൾ ചെയ്യുവരുന്ന ഒരു സ്ത്രീ, ഒരു പണിക്കാരന്റെ ജോലി നിർവഹിക്കുന്നു. പക്ഷെ ഒരു സ്ത്രീയുടെ

ജോലി നിർവഹിക്കുന്നില്ല. മില്ലുകളിലും യന്ത്രങ്ങളിലും പണിയെടുക്കുന്ന പെണ്ണുങ്ങൾ പണം സമ്പാദിക്കുന്നു. പക്ഷെ ഗാർഹിക ബാധ്യതകളുടെ നെടുംതൂൺ അതുമൂലം പൊട്ടിക്കപ്പെട്ടിരിക്കുന്നു.'

പല മഹാന്മാരും ഈ പ്രശ്നത്തിൽ സൂചിന്തിതമായ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. മൊത്തത്തിൽ മനുഷ്യകഴിവുകളെയും പ്രതിഭയെയും കണക്കിലെടുത്താൽ സ്ത്രീയേക്കാൾ പുരുഷനാണ് മുന്നിൽ എന്ന് കാണാൻ പ്രയാസമില്ല. ഇത് സ്ത്രീയെ അപമാനിക്കലല്ല. സ്ത്രീത്വത്തെ അംഗീകരിക്കലാണ്. അതാണ് ഇസ്ലാം ചെയ്യുന്നതും. പക്ഷെ ഈ യാഥാർത്ഥ്യം മുസ്ലിംകൾപോലും മനസ്സിലാക്കാതെ പോകുന്നു.

## സ്ത്രീ പുരുഷ സമ്പർക്കം

സ്ത്രീകളും പുരുഷന്മാരുമടങ്ങുന്ന സമുദായം പരസ്പരം ഇടപഴകുകയും ബന്ധപ്പെടുകയും ചെയ്യുന്നേടത്തു സൂക്ഷ്മത പാലിക്കണമെന്ന് ഇസ്ലാം കല്പിക്കുന്നു. സ്ത്രീകൾ പുറത്തിറങ്ങുമ്പോൾ ശരീരം മറച്ചിരിക്കണമെന്ന ശാസനപോലും ഇന്ന് പഴഞ്ചനായിരിക്കുകയാണ്. ചിന്തിക്കുന്ന ഏതു സമൂഹവും ഈ വസ്തുത അംഗീകരിക്കും. പ്രാചീനമായ പല സംസ്കാരങ്ങളിലും ഈ സൂക്ഷ്മത പുലർത്തിവന്നിരുന്നു.

എൻസൈക്ലോപീഡിയ ഓഫ് ഈജിപ്ത്'ൽ ഇങ്ങനെ കാണാം. ''പൗരാണിക ഗ്രീക്ക സ്ത്രീകൾ വീടുകളിൽ അടങ്ങി ഇരുന്നിരുന്നു. ഗൃഹജോലികൾക്ക പുറമെ പരുത്തിയും രോമവും കൊണ്ട് നൂൽനൂൽക്കുക തുടങ്ങിയ ജോലിയും ചെയ്തിരുന്നു. അവർ പുറത്തിറങ്ങുമ്പോൾ ഏർപ്പെടുത്തിയിരുന്ന പർദ്ദ അല്പം അതിരുകവിഞ്ഞതായിരുന്നു. എന്നാൽ കാലപ്പഴക്കത്തിൽ അവർ തങ്ങളുടെ പൂർവ്വസ്ഥിതി മറന്നു. സ്ത്രീ പുരുഷ സമ്പർക്കം അനിയന്ത്രിതമായി. പ്രകടമായ അനുരാഗ പശ്ചാത്തലം എവിടെയും കാണാമായിരുന്നു. തൽഫലമായി അവരുടെ പാതിവ്രത്യവും, ധർമബോധവും നഷ്ടമായി. പുരുഷന്മാർ സ്ത്രീകൾക്കധീനമായി. ഒടുവിൽ സമുദായവും റോമാ സാമ്രാജ്യവും തകർന്നുപോകാൻ അതു കാരണമായി'

ബുദ്ധിജീവികളുടെ ഇത്തരം പരാമർശങ്ങൾ എമ്പാടും ഉദ്ധരിക്കാൻ കഴിയും. അനിയന്ത്രിതമായ സമ്പർക്കവും സ്വാത

ന്ത്ര്യവും മതത്തിനും ധർമ്മത്തിനും മാത്രമല്ല ലോകസമാധാനത്തിനുതന്നെ ഭീഷണിയാണെന്ന് ചിലർ അഭിപ്രായപ്പെടുന്നു. വനിതാ വിമോചന പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാക്കൾ പാശ്ചാത്യരാണ്. അവർ തന്നെയാണിതിന്റെ തിക്തഫലം അനുഭവിക്കുന്നതും. ഹിജ്റ 1356-ൽ പാരീസിലെ ഒരു ലോ കോളേജ് വിദ്യാർഥി ഈജിപ്പിലെ അൽ'ഫത്ഹ്' മാസികക്കയച്ച ഒരു കത്തിൽ ഇങ്ങനെ കാണാം.

''ഫ്രാൻസിലെ എല്ലാ കലാശാലകളിലും സ്ത്രീപുരുഷ സമ്പർക്കം സാധാരണമാണ്. പാരീസിൽ അതു ഗൗരവസ്ഥിതിയിലെത്തിയിരിക്കുന്നു. അതുമൂലം നീചസ്വഭാവങ്ങൾ ഉടലെടുക്കുകയും പഠനം താറുമാറാകുകയും ചെയ്യുന്നു. ഒരിക്കൽ നിയമശാസ്ത്ര പ്രൊഫസർ 'മിസ് ജോസേപ്പ് ബാർതലേമി' വിദ്യാർഥി വിദ്യാർഥിനികളുടെ തോന്ന്യാസം കാരണം ലക്ചർ ചെയ്യാൻ കഴിയാതെ ഇറങ്ങിപ്പോയി. പിന്നെ ഞങ്ങൾ ഹാളിൽ വന്നപ്പോൾ പ്രൊഫസറുടെ ലക്ചർപ്ലാറ്റ്ഫോമിനിരുവശവും വിദ്യാർഥികൾക്കും വിദ്യാർഥിനികൾക്കും വേറെവേറെ ഇരിപ്പിടം തയ്യാറാക്കിവച്ചതാണ് കണ്ടത്. ഈ വിവേചനം അധികം നീണ്ടുപോകാൻ അവർ സമ്മതിച്ചില്ല............''

സുദീർഘമായ ആ കത്തിൽ അവിടത്തെ മിക്സഡ് സംസ്കാരത്തിന്റെ ദൂഷ്യവും മററും വ്യക്തമായി കാണാം. കുത്തഴിഞ്ഞ ഈ സമ്പ്രദായം ഇസ്ലാം അംഗീകരിക്കുന്നില്ല. മാനവും സംസ്കാരവും ഉള്ള മനുഷ്യൻ കേവലം മൃഗങ്ങളെപ്പോലെ വികാര ജീവികളായി കാലം കഴിക്കേണ്ടവനല്ല. അവന്റെ ജീവിതജീർണതകളിൽ നിന്ന് മുക്തമായിരിക്കേണ്ടതുണ്ട്. ഉന്നതമായ സംസ്കാരവും ഭദ്രമായ കുടുംബജീവിതവും നയിക്കുന്ന സമൂഹത്തിനു മാത്രമേ നാഗരികതത്വത്തിന്റെ ഉന്നതിയിലെത്താൻ സാധിക്കൂ.

എന്നാൽ നമ്മുടെ നാട്ടിലെ സ്ഥിതി അതിദയനീയമാണ്. സ്ത്രീകളുടെ സകല അഭിവൃദ്ധിയും തടഞ്ഞുകൊണ്ട്, അടുക്കളജോലിക്ക മാത്രം ഹോമിക്കപ്പെട്ടവരെന്നോണം പെരുമാറുന്ന യാഥാസ്ഥിതികത്വത്തിന്റെയും അന്ധതയുടെയും മൃഗീയഹസ്തങ്ങളിൽ നിന്ന് അവരെ മോചിപ്പിക്കാനും, അവർക്ക്

ഇസ്ലാം അനുവദിക്കുന്ന അവകാശങ്ങൾ നൽകാനും വേണ്ടി നമ്മുടെ ഉലമാക്കൾ വളരെയേറെ കഷ്ടപ്പെടേണ്ടി വന്നിട്ടുണ്ട്. കഴിഞ്ഞ പാശ്ചാത്യൻ നീതിയുടെയും ഇടുങ്ങിയ യാഥാസ്ഥിതകത്വത്തിൻെറയും മധ്യേയാണ് ഇസ്ലാമിക ശരീഅത്ത് നിലകൊള്ളുന്നത്.

സ്ത്രീയും സമൂഹത്തിൻെറ ഭാഗമാണ്. ലോകത്തിൻെറ ഗതിവിഗതികൾ അവൾ മനസ്സിലാക്കേണ്ടതുണ്ട്. വിജ്ഞാനം സമ്പാദിക്കാനും ജീവിതത്തിൽ അതുപയോഗിക്കാനും അവൾക്കു കഴിയണം. എന്നാൽ നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായവും സിലബസും കൃത്യമായി ശാസ്ത്രീയമാണോ എന്നു നാം പരിശോധിക്കണം. ഉയർന്ന ശാസ്ത്രസാങ്കേതിക വിദ്യകൾ പഠിപ്പിക്കപ്പെടുന്നതോടൊപ്പം ഗൃഹഭരണം,ശിശുപരിപാലനം, മന:ശാസ്ത്രം തുടങ്ങിയ വിഷയങ്ങളും ചെറിയ കൈത്തൊഴിലുകളും നൂൽനൂൽപ്പ് തുടങ്ങിയ ജോലികളും എന്തുകൊണ്ട് സ്ത്രീകൾക്ക് പ്രത്യേകമായി പഠിപ്പിച്ചുകൂടാ. ഒരു സ്ത്രീ വക്കീലോ, ഗുമസ്ഥനോ ആകാൻ പരിശീലനം നേടുന്നു. · പ്രകൃതി അവളിലേൽപിച്ച ഉത്തരവാദിത്തം നിർവഹിക്കാൻ വേണ്ട പരിജ്ഞാനം മാത്രം ശാസ്ത്രീയമായി അവൾക്ക് ലഭിക്കുന്നില്ല. സമൂഹത്തിൻെറ വളർച്ചയിൽ താല്പര്യമുള്ളവർ, ബോധപൂർവമായ വിദ്യാഭ്യാസരീതിയും പാഠ്യക്രമവും പൗരന്മാക്ക് നൽകേണ്ടതുണ്ട്. അതില്ലാതെ പോകുന്നതും സമൂഹത്തിൻെറ അധ:പതനത്തിന് കാരണമായിഭവിക്കുന്നു.

## പർദാ സമ്പ്രദായം

ഇസ്ലാമിലെ പർദാസമ്പ്രദായം ആധുനികക്കിടയിൽ ഏറെ ആക്ഷേപത്തിനു വിധേയമായിട്ടുണ്ട്. വാസ്തവത്തിൽ സ്ത്രീകൾ തങ്ങളുടെ സൗന്ദര്യം പ്രദർശന വസ്തു ആക്കരുത് എന്ന ഉദ്ദേശത്തിൽ വസ്ത്രംകൊണ്ട് ശരീരം മറക്കണം എന്നനുശാസിക്കുന്നതാണീ പർദ എന്നുപറയുന്നത്. ഇതു മുഹമ്മദുനബി കൊണ്ടുവന്ന ഒരു പിന്തിരിപ്പൻ ആശയമല്ല. സാമൂഹിക സദാചാരവും ഉന്നത സംസ്കാരവും ആഗ്രഹിക്കുന്നവരൊക്കെ ഇതംഗീകരിക്കും.

ചരിത്രപരമായി നോക്കുമ്പോൾ ഈ സമ്പ്രദായത്തിനു വളരെ പഴക്കമുണ്ട്. ഇബ്രാഹിം നബിയുടെ ഭാര്യയ്ക്ക്

പുത്രനുണ്ടാവുമെന്ന സുവിശേഷം, മനുഷ്യരൂപത്തിൽ വന്ന ദൈവദൂതന്മാർ ഭർത്താവു മുഖേനയാണ് അറിയിച്ചത്. എന്ന് ചരിത്രത്തിൽ കാണുന്നു. ഇബ്റാഹീമി(അ)ന്റെ സഹോദര പുത്രി, ഇസ്ഹാഖിനെ കണ്ടപ്പോൾ മേൽമൂടി കൊണ്ട് മുഖം മറച്ചതും, യഅ്ഖൂബ് നബിയുടെ മകനെ കണ്ടപ്പോൾ സാമാർ എന്ന യുവതി മുഖംമൂടിയതും അന്നത്തെ പർദാ സമ്പ്രദായം വെളിപ്പെടുത്തുന്നു. ക്രൈസ്തവർക്കിടയിൽ പർദാസമ്പ്രദായമുണ്ട്. അന്തർജനങ്ങളും മററും ആചരിച്ചുവരുന്ന മറക്കട സമ്പ്രദായം പ്രസിദ്ധമാണല്ലോ. ഹിന്ദുക്കൾക്കിടയിലും ആ സമ്പ്രദായം–രൂപത്തിലും ഭാവത്തിലും വ്യത്യസ്തമെങ്കിലും– നടപ്പിലുണ്ടായിരുന്നുവെന്നാണ് അതിൽ നിന്നും മനസ്സിലാവുന്നത്.

ഇസ്ലാമിലെ പർദാ നിയമത്തെ രണ്ടുതരത്തിൽ ഭാഗിക്കാം. അന്യരായ സ്ത്രീയും പുരുഷനും തനിച്ചാവുന്നത് ഇസ്ലാം വിലക്കുന്നു. ഇതാണ് ഒരുരൂപം. നബി പറയുന്നു: ''രക്തബന്ധമുള്ളവരോടൊപ്പമല്ലാതെ ഒരു പുരുഷനും സ്ത്രീയുടെകൂടെ തനിച്ചാവരുത്.'' നോക്കൂ. ഏതൊരു നാഗരിക സമൂഹമാണീകാര്യം അംഗീകരിക്കാത്തത്?

മററുള്ളവർക്കിടയിലേക്കിറങ്ങുമ്പോൾ പ്രായപൂർത്തിയായ സ്ത്രീകൾ മുഖവും മുൻകയ്യും ഒഴിച്ച് ബാക്കി ശരീരഭാഗങ്ങൾ മറക്കണമെന്നതാണ് രണ്ടാമത്തെ രൂപം. ''അവർ തങ്ങളുടെ ശിരോവസ്ത്രങ്ങൾ മാറിടത്തിലൂടെ താഴ്ത്തിയിടണം'' എന്ന് ഖുർആൻ പറയുന്നു. ഈ കാര്യം വ്യക്തമാക്കുന്ന ഖുർആൻ വാക്യങ്ങളും നബിവചനങ്ങളും നിരവധിയാണ്. ദീർഘ ഭയത്താൽ അവ ഉദ്ധരിക്കുന്നില്ല. മാദകമായ സ്ത്രീ സൗന്ദര്യം വില്പനച്ചരക്കാക്കുന്ന ഇന്നത്തെ സമ്പ്രദായം, ഒരിക്കലും സ്ത്രീകളുടെ പുരോഗതിയിൽ താൽപര്യമുള്ളവർ അംഗീകരിക്കുമെന്നു തോന്നുന്നില്ല. അതേസമയം സ്ത്രീകളോടുള്ള ഇസ്ലാമിന്റെ സമീപനം അവരെ പുറംകോട്ടവലിക്കുമെന്നും പറഞ്ഞുകൂടാ. കാരണം മാന്യമായി വസ്ത്രം ധരിക്കണമെന്നു പറഞ്ഞാൽ അത് അവകാശം നിഷേധിക്കലോ അവരെ മോശമാക്കലോ അല്ല. അവരുടെയും സമൂഹത്തിന്റെയും സുരക്ഷിതത്വത്തിൽ കൂടുതൽ താത്പര്യം ഇസ്ലാം കാണിച്ചു എന്നുമാത്രം. അതാണല്ലോ മനുഷ്യത്വവും നീതിയും.

ഈ സത്യം ഉൾക്കൊള്ളാതെ പാശ്ചാത്യരെ അനുകരിച്ച വസ്ത്രം ഉരിഞ്ഞെറിയലാണ് ഫാഷൻ എന്നു ധരിച്ച ചില വിഡ്ഢികൾ മുസ്ലിം സമുദായത്തിലും ഉണ്ട് എന്നത് ഖേദകരമാണ്. മററുള്ളവക്ക് മുന്നിൽ സംസ്കാരം ഉയർത്തിപ്പിടിക്കാൻ നട്ടെല്ലില്ലാത്തവൻ താൻ സമുദായത്തെ ഒന്നടങ്കം ഒററിക്കൊടുക്കുകയാണെന്ന് അറിയുന്നില്ല. എന്നാൽ ഈ 'പരിഷ്കാരം' കൊണ്ട് തനിക്കോ തൻെറ കുടുംബത്തിനോ മററാക്കെങ്കിലുമോ ഒരു നേട്ടവുമില്ല എന്നതും ചിന്തിക്കേണ്ട കാര്യമാണ്.

പർദാ സമ്പ്രദായം സ്ത്രീകളുടെ പുരോഗതി തടയുന്നു എന്ന് ചിലർ ആക്ഷേപിക്കാറുണ്ട്. വസ്തുതകൾ ശരിയായി മനസ്സിലാക്കാൻ ശ്രമിക്കാത്തതിൻെറ ഫലമാണത്. വിദ്യാഭ്യാസമാണല്ലോ പുരോഗമനത്തിൻെറ ആധാരശില. ''വിദ്യ അഭ്യസിക്കുന്നത് ഓരോ മുസ്ലിം സ്ത്രീ പുരുഷനും ബാധ്യതയാണ്'' എന്നാണ് പ്രവാചകൻ (സ) പഠിപ്പിച്ചത്. വിദ്യാഭ്യാസത്തിൻെറ കാര്യത്തിൽ സ്ത്രീപുരുഷ സമത്വം പ്രഖ്യാപിച്ച മറേറതുമതമാണുള്ളത്? ഇസ്ലാമിൻെറ യഥാർത്ഥ ഐശ്വര്യം കളിയാടിയിരുന്ന ഏതുഘട്ടത്തിലും അവർ വിദ്യാഭ്യാസപരമായി മുൻപന്തിയിലായിരുന്നു. കർമശാസ്ത്രം, ഹദീസ് നിദാനശാസ്ത്രം, വ്യാകരണം, സാഹിത്യം, ഗദ്യം, കവിത, പ്രസംഗം, അധ്യാപനം തുടങ്ങിയ തുറകളിലൊക്കെ പ്രാവീണ്യംനേടിയ സ്ത്രീരത്നങ്ങൾ ഇസ്ലാമിക ചരിത്രത്തിലുണ്ടായിരുന്നു. മഹാന്മാരായ സ്വഹാബികൾപോലും എത്രയോ കാര്യങ്ങൾ സാധാരണ സ്ത്രീകളോട് ചോദിച്ച മനസ്സിലാക്കിയിരുന്നു.

ഇതൊന്നും പക്ഷെ,പർദ ഉരിഞ്ഞെറിഞ്ഞിട്ടായിരുന്നില്ല. വിദ്യാഭ്യാസമെന്നുപറഞ്ഞാൽ പാശ്ചാത്യ സർവ്വകലാശാലകളിലേതുപോലെത്തന്നെ വേണമെന്നതിനോട് ഇസ്ലാം തീർത്തും വിയോജിക്കുന്നു. പർദ പുരോഗതിക്ക് തടസ്സമല്ല. പ്രത്യുത, ആത്മീയവും ഭൗതികവുമായ യഥാർത്ഥ പുരോഗതിക്ക് വഴിയൊരുക്കുന്നതാണത്.

സത്യവിശ്വാസിയായിക്കൊണ്ട് സൽകർമം ചെയ്യുന്നത് സ്ത്രീയാകട്ടെ പുരുഷനാകട്ടെ അവക്ക് പ്രതിഫലമുണ്ട്'' എന്നാണ് ഖുർആൻ പഠിപ്പിക്കുന്നത്. പുരുഷനോടൊത്ത് ആരാധന നടത്തുവാനും ആരാധനാലയത്തിൽ പ്രവേശിക്കാനും

ഇസ്ലാം അനുവദിക്കുന്നു. അഴിഞ്ഞാടാൻ അവിടെയും അനുവാദമില്ല. ഇതാണോ തെററ്?

സ്ത്രീകളുടെ പൗരസ്വാതന്ത്ര്യം ഇസ്ലാമിനോളം വകവെച്ചു കൊടുത്ത ഒരു പ്രത്യയശാസ്ത്രവും ഇല്ല. യുദ്ധമുന്നണിയിൽവെച്ച് ഒരു ശത്രുവിന് ഒരു സ്ത്രീ അഭയം നൽകിയാൽ ആ അഭയം നൽകപ്പെട്ടവനെ മുസ്ലിം സൈന്യം സുരക്ഷിതനായിവിടുന്നു. പെണ്ണിന്റെ അഭിപ്രായത്തിന് കല്പിച്ച വിലയാണോർക്കുക.

തന്റെ സ്വത്ത് കൈകാര്യം ചെയ്യാനും ക്രയവിക്രയം ചെയ്യാനും സ്ത്രീക്ക് തടസ്സമില്ല. കുടുംബത്തിന്റെ ചിലവ് അന്വേഷിക്കാൻ സ്ത്രീക്ക് ഇസ്ലാം ബാധ്യത ഏല്പിച്ചില്ല. പുരുഷനാണ് അത് നിർവഹിക്കേണ്ടത്. 'ഭാര്യയും ഭർത്താവും പ്രഭുവും ദാസിയുമായല്ല ജീവിക്കേണ്ടത്; ആത്മമിത്രങ്ങളായാണ്' എന്നത്രെ പ്രവാചകന്റെ നിർദേശം. പ്രാർഥനയിലും ആലോചനകളിലും സ്ത്രീകളെ പങ്കെടുപ്പിക്കാനാണ് പ്രവാചക കൽപന. ഓരോന്നും വെവ്വേറെ പറഞ്ഞാൽ അവ ഓരോ പ്രബന്ധത്തിനുമാത്രം കാണും. ദൈർഘ്യം ഭയന്ന് ചുരുക്കുന്നു.

ഇത്രയുംപറഞ്ഞതിൽ നിന്ന് ഇസ്ലാമിലെ പർദ സ്ത്രീകളുടെ പുരോഗതിക്കോ പൗരത്വത്തിനോ വിലങ്ങുതടിയല്ലെന്നു വായനക്കാർ മനസ്സിലാക്കിക്കാണുമല്ലോ. സഹോദരന്മാരേ, ധാർമികബോധം ശൂന്യാവസ്ഥയിലേക്കെത്തിത്തുടങ്ങിയ ഈ ദശാസന്ധിയിൽ നാം നമ്മുടെ സ്ത്രീകളെപ്പററി ക്രിയാത്മകമായ പദ്ധതികളാവിഷ്കരിക്കാതിരുന്നാൽ, ഒന്നുകിൽ അവർ 'പരിഷ്കാര'ത്തിൽപെട്ട് 'പുരുഷൻ'മാരായിത്തീരും. അല്ലെങ്കിൽ യാഥാസ്ഥിതികത്വത്തിന്റെ തടങ്കൽ പാളയത്തിൽ മൃഗങ്ങളായി തളച്ചിടപ്പെടും. അതുരണ്ടും ആത്മഹത്യാപരമാണ്.

നമ്മുടെ പെൺകുട്ടികൾക്ക് ഭൗതിക വിദ്യാഭ്യാസത്തോടൊപ്പം മതവിജ്ഞാനവും, ഗൃഹഭരണം, ശിശുപാലനം, പ്രഥമ ശുശ്രൂഷ തുടങ്ങിയ കാര്യങ്ങൾ പഠിപ്പിക്കുകയും കൈത്തൊഴിലുകളും കുടിൽ വ്യവസായങ്ങളും പരിശീലിപ്പിക്കുകയും ചെയ്യേണ്ടതാണ്. എങ്കിൽ അവക്ക് നഷ്ടപ്പെട്ട പ്രതാപവും സ്ഥാനമാനങ്ങളും തിരിച്ചുകിട്ടും. സമൂഹം ഭദ്രമായിരിക്കുകയും ചെയ്യും. അല്ലാഹു നമ്മെ അനുഗ്രഹിക്കട്ടെ.

# സമാപനം

ഇസ്ലാം എന്ന മഹാസാഗരത്തെ ഒരു വിഹഗവീക്ഷണം നടത്തുക മാത്രമേ ഈ ലഘുകൃതിയിൽ ചെയ്തിട്ടുള്ളു. ലോകത്ത് പല പ്രത്യയശാസ്ത്രങ്ങളുമുണ്ട്. മതങ്ങളും മതേതര പ്രസ്ഥാനങ്ങളും മതവിരുദ്ധ ആശയങ്ങളുമുണ്ട്. അവയ്ക്കൊക്കെ അനുയായികളും ഉണ്ട്. ഓരോ വിഭാഗം ആളുകളും തങ്ങൾ ഉൾക്കൊള്ളുന്ന ആശയം അനുസരിച്ച് പ്രവർത്തിക്കാൻ തയ്യാറാവുന്നു. എന്നാൽ ആ സമൂഹത്തിലെ ഓരോ വ്യക്തിയെയും ചൂഴ്ന്നു നില്ക്കുകയും അവരുടെ ജീവിതത്തിന്റെ സമസ്ത മേഖലയിലേക്കും വെളിച്ചം വീശുകയും ചെയ്യുന്ന ആദർശങ്ങൾ ഇല്ല എന്നു തന്നെ പറയാം.

ലോകത്ത് ഏററവുമധികം അനുയായികളുള്ളത് ക്രിസ്തുമതത്തിനാണ്. ഏററവും അധികം കോപ്പി വിററഴിക്കപ്പെടുന്നത് അവരുടെ വേദഗ്രന്ഥമായ ബൈബിളാണ്. ബൈബിൾ ഒരു ദർശനമോ ആദർശമോ സുവിശേഷമോ മോചന മന്ത്രമോ ഒക്കെ ആണെങ്കിലും മനുഷ്യജീവിതത്തെ ആത്യന്തികമായി അതുൾക്കൊള്ളുന്നില്ല. ദൈനംദിന ജീവിതമോ സാമൂഹിക-രാഷ്ട്രീയ പ്രശ്നങ്ങളോ കുടുംബകാര്യങ്ങളോ അത് കൈകാര്യം ചെയ്യുന്നില്ല.

ഇന്ത്യയിലെ മതങ്ങളായ ഹിന്ദുമതം ബുദ്ധമതം ജൈന മതം തുടങ്ങി ഏതുപരിശോധിച്ചാലും അവയൊക്കെ ധർമ്മത്തിനും സനാതനത്വത്തിനും മുൻതൂക്കം നൽകിയിരുന്ന ദർശനങ്ങളായിരുന്നു എന്നല്ലാതെ ദുൻയാവിൽ എങ്ങനെ ജീവിക്കണം എന്നതിന് വ്യക്തമായ കാഴ്ചപ്പാടുകൾ അവയിലില്ല.

മതങ്ങളെയും ധാർമിക സനാതന മൂല്യങ്ങളെയും മുഴുവൻ തള്ളിപ്പറഞ്ഞ്, ദൈവനിഷേധവും ഭൗതിക വാദവും അടിസ്ഥാനമാക്കി ഈ നൂററാണ്ടിന്റെ മോചന മുദ്രാവാക്യവുമായി അടുത്തുവന്ന പ്രസ്ഥാനമാണ് കമ്യൂണിസം. തൊഴിലാളിയെയും മുതലാളിയെയും വർഗ്ഗങ്ങളാക്കിതിരിച്ച് വർഗസംഘട്ടനങ്ങളിലൂടെ നിലനില്ക്കാൻ ശ്രമിക്കുകയും, സമ്പത്താണ് മാനവികതയുടെ ആധാരശില എന്ന് സിദ്ധാന്തിക്കുകയും, ആ സമ്പത്ത് വ്യക്തികളിൽ നിന്ന് 'സ്റ്റേററി'ലേക്ക് നീങ്ങുകയെന്നതാണ് മോചനത്തിന്റെ ആത്യന്തിക സ്ഥിതി എന്ന് സ്വപ്നം കാണുകയും ചെയ്ത സിദ്ധാന്തം പക്ഷെ, മനുഷ്യന് ജീവിതത്തിൽ കൊണ്ടുനടക്കാവുന്ന പ്രായോഗിക പദ്ധതിയല്ല എന്ന് വ്യക്തമാണ്.

ഇസ്ലാമിന്റെ സ്ഥിതി അതല്ല. നമുക്കെത്തിപ്പിടിക്കാൻ പററാത്ത പാലും തേനും ഒഴുകുന്ന സ്വർഗത്തെപ്പററിപറഞ്ഞ് പററിക്കുകയല്ല ഇസ്ലാം. മനുഷ്യന് ഈ ലോകത്ത് മനുഷ്യനായി ജീവിക്കുകയും മരണാനന്തരം സ്വർഗീയ സുഖം കരസ്ഥമാക്കുകയും ചെയ്യണമെന്നാണതിന്റെ മൂലസിദ്ധാന്തം. വ്യക്തിപരവും കുടുംബപരവും സാമൂഹികവും രാഷ്ട്രീയവും രാഷ്ട്രാന്തരീയവുമായ പ്രശ്നങ്ങൾ അതുകൈകാര്യം ചെയ്യുന്നു. ഒരാളുടെ ദൈനംദിന ജീവിതത്തിൽ കൃത്യമായും കണിശമായും ഇസ്ലാം ഇടപെടുന്നു. ആർക്കും പിടികിട്ടാത്ത ഉട്ടോപ്യ അല്ല; ഇത് പച്ചയായ മനുഷ്യന്റെ ജീവിതത്തിന്റെ വ്യത്യസ്ത മണ്ഡലങ്ങളെ ജീവിത ഗന്ധിയായി സ്പർശിക്കുകയും അവിടെയൊക്കെത്തന്നെ നെറിയും നെറികേടും ധർമവും അധർമവും വ്യതിരിക്തമായി വരച്ചുകാണിക്കുകയും ചെയ്യുന്നു.

ഇസ്ലാമിന്റെ പ്രമാണമായ ഖുർആനിക നിർദേശങ്ങളും നിയമങ്ങളും കാലാതിവർത്തിയായി നില്ക്കുന്നു. ചരിത്രവും ശാസ്ത്രവും കഥകളും നിയമങ്ങളും കല്പനകളും നിരോധ

ങ്ങളും അവയിലുണ്ട്. ഖുർആനിന്റെ കൽപനകൾ ഏതെങ്കിലും കാലഘട്ടത്തിനനുസരിച്ച് മാററിപ്പറയേണ്ടി വന്നിട്ടില്ല. നിരോധങ്ങൾ ഏതെങ്കിലും കാലത്ത് കൊള്ളാവുന്ന കാര്യമായി പരിഗണിച്ചിട്ടില്ല. കാരണം അത് അല്ലാഹുവിന്റെ വചനങ്ങളത്രെ.

ഇങ്ങനെ പ്രായോഗികമായ ഇസ്ലാം എന്ന മതം അതിന്റെ അനുയായികളിലും അല്ലാത്തവരിലും ചെലുത്തുന്ന സ്വാധീനവും അവക്കനുവദിക്കുന്ന വ്യക്തി സ്വാതന്ത്ര്യവും, അതുവിശദീകരിക്കുന്ന പൗരധർമവും ഒരെത്തിനോട്ടം മാത്രമാണിത്. നാഗരീക സമൂഹസൃഷ്ടിക്കായി ഖുർആൻ നമുക്ക് തരുന്ന വെളിച്ചം എന്താണെന്ന് മൊത്തത്തിൽ ഇതിൽ പ്രതിപാദിച്ചിട്ടുണ്ടെങ്കിലും ഓരോ അധ്യായവും വിശദീകരണം അർഹിക്കുന്നു. ഏതാനും കാര്യങ്ങൾ മാത്രമേ അല്പം വിശദീകരിക്കാൻ കഴിഞ്ഞിട്ടുള്ളു. ജീവിക്കുന്ന ഒരു പ്രത്യയശാസ്ത്രം എന്ന നിലയിൽ ഇസ്ലാമിനെപ്പററി പഠിക്കാൻ താൽപര്യമുള്ളവക്ക് ഒരു സൂചിക മാത്രമാണീകൃതി. ഇതിലൂടെ ഒരാളെങ്കിലും ഈ ആത്യന്തിക ദൗത്യത്തിന്റെ അന്തസ്സത്ത മനസ്സിലാക്കാൻ ശ്രമിച്ചാൽ അതായിരിക്കും മറെറന്തിനേക്കാളും ഉത്തമം.

അജ്ഞതമൂലം ഇസ്ലാമിനെ മനസ്സിലാക്കാത്തവർ ധാരാളമുണ്ട്. കാര്യം വളരെ വ്യക്തമായി മനസ്സിലായിട്ടും സ്വാർഥമായ താത്പര്യങ്ങൾ സംരക്ഷിക്കാൻ വേണ്ടി കണ്ണുചിമ്മുന്നവരും ഈ കനൽക്കട്ടയുടെ മുകളിൽ ദുഷ്പ്രചരണത്തിന്റെ വെണ്ണീർ നിറക്കുന്നവരും ഇവിടെയുണ്ട്. ഈ രണ്ടുവിഭാഗത്തിനും ആവശ്യമായ വസ്തുതകളുടെ സംക്ഷിപ്തം മാത്രമാണിത്. സർവ്വശക്തൻ ഈ സംരംഭം സൽകർമമായി അംഗീകരിക്കട്ടെ. ആമീൻ.

شعبة الجاليات
(وزارة الشؤون الإسلامية مركز الدعوة بالرياض)
تليفون ٤١١٦٣٥٦ / ٠١ - الرياض ١١١٣١

المكتب التعاوني للدعوة والإرشاد بالبديعة
تليفون ٤٣٣٠٨٨٨ / ٠١ فاكس ٤٣٠١١٢٢ / ٠١
ص.ب ٢٤٩٣٢ الرياض ١١٤٥٦

المكتب التعاوني للدعوة والإرشاد بالبطحاء
تليفون ٤٠٣٠٢٥١ - ٤٠٣٤٥٢٧ / ٠١
فاكس ٤٠٣٠١٤٢ / ٠١
ص.ب ٢٠٨٢٤ الرياض ١١٤٦٥

المكتب التعاوني للدعوة والإرشاد العليا والسليمانية
تليفون ٤٦٢٩٩٤٤ / ٠١
ص.ب ٦٣٩٤٤ الرياض ١١٥٢٦

المكتب التعاوني للدعوة والإرشاد العزيزية
تليفون ٤٩٥٥٥٥٥ / ٠١
ص.ب ٤٢٣٤٧ الرياض ١١٥٥١

المكتب التعاوني للدعوة والإرشاد الدوادمي
تليفون ٦٤٢٣٦٣٦ / ٠١
ص.ب ١٥٩ الدوادمي

المكتب التعاوني للدعوة والإرشاد بالخرج
تليفون ٥٤٤٠٦٦٢ / ٠١ فاكس ٥٤٨٠٩٨٣ / ٠١

ص.ب ١٦٨ الخرج ١١٩٤٢

المكتب التعاوني للدعوة والإرشاد الربوة
تليفون ٤٩٧٠١٢٦ / ٠١
ص.ب ٢٩٤٦٥ الرياض ١١٤٥٧

المكتب التعاوني للدعوة والإرشاد رياض الخبراء
تليفون ٣٣٤١٧٥٧
ص.ب ١٦٦ القصيم رياض الخبراء

المكتب التعاوني للدعوة والإرشاد بالمجمعة
تليفون ٤٣٢٣٩٤٩ / ٠٦
ص.ب ١٠٢ المجمعة ١١٩٥٢

المكتب التعاوني للدعوة والإرشاد بالروضة
تليفون ٤٩١٨٠٥١ فاكس ٤٩٧٠٥٦١
ص.ب ٨٧٢٩٩ الرياض ١١٦٤٢

المكتب التعاوني للدعوة والإرشاد بالنسيم
تليفون ٢٣٢٨٢٢٦ / ٠١
ص.ب ٥١٥٨٤ الرياض ١١٥٥٣

المكتب التعاوني للدعوة والإرشاد بالزلفي
تليفون ٤٢٢٥٦٥٧ / ٠٦ فاكس ٤٢٢٤٢٣٤ / ٠٦
ص.ب ١٨٢ الزلفي ١١٩٣٢

مكتب توعية الجاليات بعنيزة
تليفون ٣٦٤٤٥٠٦ / ٠٦ ص.ب ٨٠٨

مركز توعية الجاليات ببريدة
تليفون ٣٢٤٨٩٨٠ / ٠٦ فاكس ٣٢٤٥٤١٤ / ٠٦
ص.ب ١٤٢

المكتب التعاوني للدعوة والارشاد بسلطانة
تليفون ٤٢٤٠٠٧٧ فاكس ٤٢٥١٠٠٥
ص.ب ٩٢٦٧٥ الرياض ١١٦٦٣

مكتب توعية الجاليات المذنب
تليفون ٣٤٢٠٨١٥ / ٠٦ فاكس ٣٤٢٠٨١٥ / ٠٦
القصيم - المذنب - ص.ب ٤٠٠

المكتب التعاوني للدعوة وتوعية الجاليات بشقراء
تليفون ٦٢٢٢٠٦١ / ٠١ فاكس ٦٢٢١٧١١ / ٠١
ص.ب ١٥٢ شقراء ١١٩٦١

المكتب التعاوني للدعوة والإرشاد بالأحساء
تليفون ٥٨٧٤٦٦٤ - ٥٨٦٦٦٧٢ / ٠٣
ص.ب ٢٠٢٢ الأحساء ٣١٩٨٢

مكتب توعية الجاليات بالخبر
تليفون ٨٩٨٧٤٤٤ / ٠٣ الدمام ٣١١٣١

المؤسسة الخيرية للدعوة بجدة
تليفون ٦٧٣١٧٥٤ - ٦٧٣٠٤٣١ / ٠٢
فاكس ٦٧٣١١٤٧
ص.ب ١٥٧٩٨ جدة ٢١٤٥٤

مكتب توعية الجاليات بحائل
تليفون ٥٣٣٤٧٤٨ / ٠٦ فاكس ٥٤٣٢٢١١ / ٠٦
ص.ب ٢٨٤٣

المكتب التعاوني للدعوة والارشاد بالقريات
ص.ب ٧٥٥ تلفاكس ٦٤٢٤٠٨٩ / ٠٤